I am not ashamed of the Gospel of Christ

# CHRISTIAN EVANGELICAL MOVEMENT

## (Youth Wing of Sharon Fellowship Church)

P.B. No. 22, Thiruvalla 689 101 | www.cemthiruvalla.com | cemthiruvalla@gmail.com

## GENERAL COMMITTEE



# CIRCULAR

# സർക്കുലർ

2026-2028

CHARIS' 70 Celebrating God's Grace Through the Generations

# C E M EXECUTIVE COMMITTEE
## 2026 - 2028


**Pr. Vincent Mathew**
General President


**Pr. Paulson V. S.**
General Secretary


**Br. Boby Mathew**
General Treasurer


**Pr. Sabu Yohannan**
Senior Vice President


**Bro. Santhosh Kottamam**
Junior Vice President


**Pr. Sumesh Sukumaran**
General Co-ordinator


**Bro. Blesson George**
Asso. Secretary


**Bro. Joby T. Babu**
Asso. Treasurer


**Pr. Joyal Jose**
Membership Secretary


**Bro. Alwin K. Mathew**
Talent Test Secretary


**Pr. Jobis Jose**
Publicity Convenor


**Pr. Johnson C. Sam**
Media Secretary


**Pr. John P. Thomas**
Literature Secretary


**Pr. Jomon J.**
Prayer Convenor

## MEMBERS


Pr. Eldhose Kuriakose


Pr. Niju Baby


Pr. Shibu E. L.


Pr. Praveen Kumar B.


Pr. Sajan P. C


Bro. Immanuel M. M


Pr. Sam Antony

**I AM NOT ASHAMED OF THE GOSPEL OF CHRIST**

## ആരംഭം

1957 ഏപ്രിൽ 15 ന് തിരുവല്ലയിലും പരിസര പ്രദേശങ്ങളിലുമുള്ള ഒരുകൂട്ടം ചെറുപ്പക്കാർ തിരുവല്ല ശാരോനിൽ ഒത്തുകൂടി. സഹപാഠികൾക്കും സുഹൃത്തുക്കൾക്കും യേശുവിനെ പരിചയപ്പെടുത്താനുള്ള കൂട്ടായ പ്രവർത്തന സാദ്ധ്യതകളെക്കുറിച്ച് ചിന്തിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഈ ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയമാണ് സി. ഇ. എം എന്ന യുവജന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. പാസ്റ്റർ പി. ജെ. തോമസിന്റെയും കുടുംബത്തിന്റെയും ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ നേതൃനിരയിലുണ്ടായിരുന്ന മറ്റ് ദൈവദാസന്മാരുടെയും പ്രോത്സാഹനവും നിർദ്ദേശങ്ങളും ഈ യുവാക്കൾക്ക് ഏറെ പ്രചോദനമായി. സുവിശേഷ മുന്നേറ്റം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പ്രസ്ഥാനത്തിന് ആ അർത്ഥം വരുന്ന ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് എന്ന നാമകരണവും അവർ നൽകി. കഴിഞ്ഞ ആറുപതിറ്റാണ്ടുകളിലെ മാറിമാറി വന്ന ശക്തമായ നേതൃത്വത്തിന്റെ ദർശനവും അംഗങ്ങളുടെ പിന്തുണയും ഈ പ്രസ്ഥാനത്തെ ഇതര യുവജന പ്രസ്ഥാനങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമായി നിലനിർത്തുകയും സുവിശേഷീകരണം എന്ന ലക്ഷ്യം കൈവരിക്കാൻ സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നു.

## ലക്ഷ്യം

ആത്മാക്കളെ ക്രിസ്തുവിലേക്ക് നയിക്കുക എന്ന പ്രഥമ ലക്ഷ്യത്തോടൊപ്പം തന്നെ സഭയിലെ യുവജനങ്ങളുടെ ആത്മീക–സാമൂഹ്യ–മാനസീക വളർച്ചക്ക് വഴി ഒരുക്കുക. സുവിശേഷ ദർശനം അവരിൽ രൂപപ്പെടുത്തുക, ബൈബിൾ പഠനത്തിനുള്ള അവസരങ്ങൾ, സെമിനാറുകൾ, ക്യാമ്പുകൾ, പരസ്യയോഗങ്ങൾ, കാത്തിരിപ്പ് യോഗങ്ങൾ, മുഴുരാത്രി പ്രാർത്ഥനകൾ, മുറ്റത്ത് കൺവെൻഷൻ തുടങ്ങിയവ സംഘടിപ്പിക്കുക, സാമൂഹ്യ നന്മക്കായി സാമൂഹ്യ പ്രതിബദ്ധതയോടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ പൊതു പ്രവർത്തനങ്ങൾ തുടങ്ങിയവ നിർവഹിക്കുക, രാഷ്ട്രത്തിന്റെ അഖണ്ഡതയ്ക്കായി പ്രവർത്തിക്കുക, പെന്തക്കോസ്തു സഭകളുടെ ഐക്യത്തിനായി യത്നിക്കുക.



# നിശബ്ദതയെ ഭേദിച്ച് ദൈവശബ്ദം ആകുക

**റവ . ജോൺസൺ കെ. സാമുവൽ** (ജനറൽ പ്രസിഡന്റ്, ശാരോൻ ഫെലോഷിപ് ചർച്ച് )

ശാരോൻ ഫെലോഷിപ്പ് സഭയുടെ യുവജന വിഭാഗമായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് കഴിഞ്ഞ ദീർഘ വർഷങ്ങളായി ദൈവം ഭരമേൽപ്പിച്ച ദൗത്യം വിശ്വസ്തതയോടെ ചെയ്തുവരുന്നു എന്നത് സഭയ്ക്ക് അഭിമാനമാണ്. ഏതൊരു പ്രസ്ഥാനത്തിന്റെയും ഭാവി ശക്തരായ, വിശ്വസ്തരായ യുവജന വിഭാഗമാണ്. ദൈവവചനത്തിലും, ഉപദേശത്തിലും, ദൗത്യ നിർവഹണത്തിലും, ആർദ്രതയിലും ഉറപ്പും കൃത്യതയുമുള്ള ശക്തരായ നേതൃത്വം നമ്മുടെ യുവജന പ്രസ്ഥാനത്തിന് കഴിഞ്ഞ കാലങ്ങളിൽ ലഭിച്ചു എന്നുള്ളത് സഭയുടെ വളർച്ചയ്ക്കും യുവജനങ്ങളുടെ വചന അടിസ്ഥാനത്തിനും കാരണമായി മാറി എന്ന് നന്ദിയോടെ സ്മരിക്കുന്നു. അതിനായി അവരെ പ്രാപ്തരാക്കിയ ദൈവത്തെ സ്തുതിക്കുന്നു.

നാം ഇന്ന് ജീവിക്കുന്ന കാലം വ്യത്യസ്തതകൾ നിറഞ്ഞതാണ്. സാങ്കേതികപരമായും, വിദ്യാഭ്യാസപരമായും വളരെയധികം മുൻപിൽ ആണ് നമ്മുടെ തലമുറ. പുതിയ ജനറേഷൻ (ജെൻസി) ആശയരൂപീകരണത്തിലും തിരഞ്ഞെടുപ്പുകളിലും വ്യത്യസ്ത ശൈലി പുലർത്തുന്നവരാണ്. കഴിഞ്ഞ കാലങ്ങളിൽ മാതാപിതാക്കളും, അധ്യാപകരും, കൂട്ടുകാരും ആയിരുന്നു അവരെ നിയന്ത്രിച്ചിരുന്നത് എങ്കിൽ ഇപ്പോൾ സോഷ്യൽ മീഡിയയും വിവരസാങ്കേതികവിദ്യയുടെ സാധ്യതകളുമാണ് അവരെ നിയന്ത്രിക്കുന്നത്. ഏതൊരു കാര്യത്തെക്കുറിച്ചും നിമിഷങ്ങൾക്കുള്ളിൽ അവർ മനസ്സിലാക്കുകയും അതിൽ നിന്ന് തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. നിരവധി ഗുണങ്ങൾ പറയുവാൻ ഉണ്ടെങ്കിലും ഈ കാലത്തിലെ തലമുറകളിൽ പലരും സോഷ്യൽ മീഡിയയുടെ നിയന്ത്രണത്തിൽ അടിമപ്പെട്ടു പോകുന്നു എന്നുള്ളത് നാം വളരെ ഗൗരവമായി തിരിച്ചറിയേണ്ട കാര്യമാണ്. യുക്തിപരമായും, സംശയധിഷ്ഠിയോടെയും കാര്യങ്ങളെ മനസ്സിലാക്കുവാൻ ശ്രമിക്കുന്ന പുതുതലമുറയെ വചനത്തിൽ അടിസ്ഥാനമുള്ളവരായും യേശുക്രിസ്തുവുമായി വ്യക്തിപരമായ ബന്ധം ഉള്ളവരും ആക്കി മാറ്റുക എന്നുള്ളത് നമ്മുടെ യുവജന പ്രസ്ഥാനമായ C.E.M ന്റെ ദൗത്യമാണ്.

വിശുദ്ധ വേദപുസ്തകത്തിൽ ചില നിശബ്ദതയുടെ കാലഘട്ടം കാണുന്നു. ദൈവശബ്ദം ഇല്ലാതിരുന്ന കാലം. ഉല്പത്തി പുസ്തകത്തിനും പുറപ്പാട് പുസ്തകത്തിനും ഇടയിൽ ഉണ്ടായിരുന്ന ഒരു കാലം, വചനം ദുർലഭം ആയിരുന്ന ഏലി പുരോഹിതന്റെ കാലം, മലാഖി പുസ്തകത്തിനും മത്തായി എഴുതിയ സുവിശേഷത്തിന് ഇടയിലുള്ള കാലം. ഈ കാലഘട്ടങ്ങൾ നിശബ്ദതയുടെ കാലഘട്ടമായി കാണുന്നു. എന്നാൽ ഈ കാലത്തിലെ നിശബ്ദതയെ ഭേദിച്ച് ചിലർ പുറത്തുവന്ന് ദൈവ ശബ്ദമായി മാറി . ഒന്നാമത്തെ കാലത്തിന് വിരാമമിട്ട് ദൈവശബ്ദമായ മോശ ശക്തനായ നേതാവായി മാറി. വചനം ദുർലഭം ആയിരുന്ന കാലത്തെ മാറ്റിക്കൊണ്ട് കരയുന്ന മാതാവിന്റെ മകനായ ശമുവേൽ ദൈവശബ്ദമായി. അധാർമികതയും, അനീതിയും, ദൈവഭയവും നഷ്ടപ്പെട്ട തലമുറയുടെ നടുവിൽ വ്യത്യസ്തനായി വളർന്ന് വിശ്വസ്തനായി . ദൈവ ശബ്ദത്തിന് കാത് തുറന്നു നിശബ്ദതയെ തകർത്തു ദൈവശബ്ദമായി മാറി. വചനം എല്ലായിടത്തും പടർന്നു. മൂന്നാമത്തെ കാലഘട്ടത്തിലെ നിശബ്ദതയെ മാറ്റിക്കൊണ്ട് യോഹന്നാൻ സ്നാപകൻ ക്രിസ്തുവിന് വഴിയൊരുക്കുന്ന ദൗത്യ നിർവാഹകനായി മാറി. ഇവരെപ്പോലെ ദൈവശബ്ദമായി നിശബ്ദതയെ ഭേദിച്ച് ശക്തരായ നേതൃത്വം ആയി അടിമത്തത്തിന്റെ ആഴങ്ങളിൽ തകർന്നു പോകുന്ന പുതുതലമുറയെ നിത്യതയിലേക്ക് കൈപിടിച്ചു നയിക്കുന്ന ദൈവശബ്ദമായി മാറുന്ന നേതാക്കൾ നമ്മുടെ യുവജനങ്ങളിൽ നിന്ന് ഉയർന്നു വരട്ടെ. ദൈവ വചനത്തെ എല്ലായിടത്തും പരത്തുന്ന ഉയർത്തുന്ന വിശ്വസ്തരായ പുതുതലമുറ നമ്മുടെ ഇടയിൽ നിന്ന് എഴുന്നേൾക്കട്ടെ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന് വഴിയൊരുക്കുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ളവർ നമ്മുടെ യുവാക്കളിൽ നിന്നും യുവതികളിൽ നിന്നും എഴുന്നേറ്റ് വരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഈ കാലഘട്ടത്തെക്കുറിച്ച് നല്ല തിരിച്ചറിവുള്ള ശക്തരായ ഒരു പുതിയ നേതൃത്വത്തെ നമ്മുടെ യുവജന വിഭാഗത്തിന് ദൈവം നൽകിയതോർത്ത് ദൈവത്തിന് മഹത്വവും അർപ്പിക്കുന്നു. യുവജനങ്ങളെ ക്രിസ്തുവിനോട് അടുപ്പിച്ച് വചനത്തിൽ അടിസ്ഥാനമുള്ളവരായി അവരെ നിലനിർത്തുവാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുവാൻ ഇടയാകട്ടെ. അതോടൊപ്പം തന്നെ നമ്മുടെ സമൂഹത്തിൽ കഷ്ടതയിലായി കഴിയുന്ന നിരാലമ്പർക്ക് ഒരു കൈത്താങ്ങായി മാറുവാനും സാധിക്കട്ടെ. ദൗത്യത്തിൽ ഉറച്ച് ദൈവശബ്ദമായി മാറി സമൂഹത്തിൽ ചിലരെ സ്വാധീനിക്കാൻ സർവ്വശക്തനായ ദൈവം C. E. M പ്രവർത്തകരെ സഹായിക്കട്ടെ. നൂതനമായ ആശയങ്ങൾ ആവിഷ്കരിച്ച് രണ്ടു വർഷത്തെ പ്രവർത്തന പദ്ധതികൾക്ക് തയ്യാറെടുക്കുമ്പോൾ നമ്മുടെ പിതാക്കന്മാരോട് കൂടെയിരുന്ന് അവരെ ശക്തീകരിച്ച് ഉറപ്പും ധൈര്യവും ഉള്ളവരാക്കി പ്രതിസന്ധികളെയും പ്രലോഭനങ്ങളെയും അതിജീവിച്ച് നല്ലതും തീയതും തിരിച്ചറിയുവാൻ പ്രാപ്തമാക്കിയ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം നിങ്ങടെ കൂടെയിരുന്ന് വഴികാട്ടുമാറാകട്ടെ എന്ന് ആശംസിക്കുന്നു. ഒന്നിലും തളരാതെ ക്രിസ്തു എന്നെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം ഒരുമിച്ചുള്ള കൂട്ടായ്മയിലൂടെയും ദൈവസ്നേഹത്തിലൂടെയും ചെയ്തെടുക്കും എന്നും, ദൈവം എന്നെ ഈ കാലഘട്ടത്തിനായിട്ട് തിരഞ്ഞെടുത്തിരിക്കുന്നു എന്നുള്ള ഉത്തമമായ ബോധ്യത്തോടു കൂടെയും പ്രവർത്തിക്കുവാൻ ദൈവം എല്ലാ C.E.M അംഗങ്ങളെയും സഹായിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



## “യുവത്വത്തിന്റെ ശക്തി ക്രിസ്തുവിൽ; സഭയുടെ പ്രത്യാശ ദൈവവിളിയോട് പ്രതിബദ്ധമായ തലമുറയിൽ”

**റവ. റോയ് ചെറിയാൻ** (ജനറൽ സെക്രട്ടറി, ശരോൻ ഫെല്ലോഷിപ് ചർച്ച് മാനേജിങ് കൗൺസിൽ) )

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പവിത്ര നാമത്തിൽ എല്ലാവർക്കും സ്നേഹപൂർവ്വമായ അഭിവാദ്യങ്ങൾ. ശരോൻ ഫെല്ലോഷിപ്പ് സഭയുടെ യുവജന വിഭാഗമായ സി.ഇ.എം. 2026-2028 കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രതിഭാധനരായ ഭാരവാഹികളെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ദൈവനാമത്തിൽ ആശംസിക്കുകയും ചെയ്യുന്നു...

ദൈവം ഓരോ തലമുറയെയും തന്റെ രാജ്യനിർമാണത്തിനായി ഉപയോഗിച്ചിട്ടുണ്ട്. ഇന്നത്തെ തലമുറയെയും ആത്മീയ ഉണർവിന്റെയും വിശുദ്ധിയുടെയും സുവിശേഷവ്യാപനത്തിന്റെയും ശുശ്രൂഷയ്ക്കായി അവിടുന്ന് വിളിച്ചിരിക്കുന്നു. ആ ദൈവവിളിക്ക് അനുസരണയോടെ പ്രത്യുത്തരം നൽകുവാനും, സഭയുടെ ആത്മീയ പൈതൃകം വരുംതലമുറയിലേക്ക് വിശ്വസ്തതയോടെ കൈമാറുവാനും, ക്രിസ്തുവിന്റെ സ്നേഹവും സത്യവും ജീവിതത്തിലൂടെ പ്രതിഫലിപ്പിക്കുവാനും ഈ കമ്മിറ്റി ദൈവഹിതപ്രകാരം പ്രവർത്തിക്കട്ടെ. നേതൃത്വം അധികാരത്തിന്റെ അടയാളമല്ല; ഉത്തരവാദിത്തത്തിന്റെയും മാതൃകാപരമായ ശുശ്രൂഷയുടെയും അടയാളമാണ്. പ്രാർത്ഥനയിൽ വേരൂന്നിയ ആത്മീയജീവിതവും, ദൈവവചനത്തിൽ അധിഷ്ഠിതമായ തീരുമാനങ്ങളും, പരിശുദ്ധാത്മാവിന്റെ നടത്തിപ്പും ഈ കമ്മിറ്റിയുടെ ഓരോ പ്രവർത്തനത്തെയും ധന്യമാക്കട്ടെ. ഐക്യവും പരസ്പര ബഹുമാനവും ക്രിസ്തുസ്നേഹവും നിങ്ങളുടെ സേവനത്തിന്റെ മുഖമുദ്രയായിരിക്കട്ടെ. "അതുകൊണ്ട് എന്റെ പ്രിയസഹോദരന്മാരേ, ഉറപ്പുള്ളവരും കുലുങ്ങാത്തവരുമായി കർത്താവിന്റെ വേലയിൽ എപ്പോഴും അധികമായി ഏർപ്പെട്ടുകൊൾവിൻ; നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ" (1 കൊരിന്ത്യർ 15:58). ഈ വചനം നിങ്ങളുടെ ദർശനത്തിനും ദൗത്യത്തിനും പ്രചോദനവും ധൈര്യവും പ്രത്യാശയും പകരട്ടെ.

സി.ഇ.എം. 2026 - 2028 കമ്മിറ്റിയുടെ ശുശ്രൂഷയിലൂടെ അനേകം യുവജീവിതങ്ങൾ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുവാനും, സഭ കൂടുതൽ ആത്മീയ ശക്തിയോടെ വളരുവാനും, ദൈവരാജ്യത്തിന്റെ മഹത്വം വെളിപ്പെടുവാനും ഇടയാകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. സർവ്വശക്തനായ ദൈവം ഈ കമ്മിറ്റിക്ക് സമൃദ്ധമായ കൃപയും ജ്ഞാനവും ശക്തിയും നൽകി എല്ലാ പ്രവർത്തനങ്ങളിലും വിജയവും ഫലസമൃദ്ധിയും പ്രദാനം ചെയ്യുമാറാകട്ടെ.

## മെമ്പർഷിപ്പ് ക്യാമ്പയിൻ

സി. ഇ. എം മെമ്പർഷിപ്പ് ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. 10 വയസ്സ് മുതൽ 45 വയസ്സ് വരെയുള്ള എല്ലാവരും (പാസ്റ്റേഴസ് ഉൾപ്പെടെ) മെമ്പർഷിപ്പ് എടുക്കേണ്ടതുണ്ട്. കൂടാതെ ഓരോ ലോക്കൽ സഭയും മുൻവർഷത്തെപ്പോലെ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. താലന്തുപരിശോധന, സി. ഇ. എം നൽകുന്ന ഇതര സഹായങ്ങൾക്കും മെമ്പഷിപ്പ് നിർബന്ധമാണ്. 2026 ജൂലൈ മാസം മെമ്പർഷിപ്പ് ക്യാമ്പയിനായി വേർതിരിച്ചിരിക്കുന്നു. വ്യക്തികൾക്ക് 50 രൂപയും സഭകൾക്ക് 150 രൂപയുമായിരിക്കും ഫീസ്. നാളിതുവരെ മെമ്പർഷിപ്പ് പ്രവർത്തനങ്ങളോട് സഹകരിച്ച ഏവർക്കും നന്ദി.

**കൂടുതൽ വിവരങ്ങൾക്ക്** പാസ്റ്റർ ജോയൽ ജോസ് (മെമ്പർഷിപ്പ് സെക്രട്ടറി) 8943 538 229



# ജീവിത യാത്രയിൽ സ്വസ്ഥത അനുഭവിക്കാൻ കഴിയുന്നത് ദൈവ സാന്നിധ്യത്തിൽ മാത്രം

**പാസ്റ്റർ വിൻസെന്റ് മാത്യു** (ജനറൽ പ്രസിഡന്റ്, സി. ഇ. എം)

കർത്താവിൽ പ്രിയ സി. ഇ. എം പ്രവർത്തകർക്കും, സ്നേഹിതർക്കും, അഭ്യുതയ കാംഷികൾക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

കഴിഞ്ഞ 69 വർഷങ്ങൾ നമ്മുടെ പ്രവർത്തനങ്ങളിൽ കൂടെയിരുന്ന ദൈവത്തിന് സ്തോത്രം. കർത്തൃനിയോഗം കാലകാലങ്ങളിൽ ഏറ്റെടുത്ത് മാതൃകയോടും, സാക്ഷ്യത്തോടും സി. ഇ. എം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരെ നന്ദിയോടെ ഓർക്കുന്നു. ഒപ്പം പൂർണ്ണ പിന്തുണ ആത്മീകമായും, ഭൗതികമായും നൽകി കൂടെ നിന്നവരെയും ഹൃദയത്തോട് ചേർത്ത് അനുമോദിക്കുന്നു. സി. ഇ. എം പ്രവർത്തനങ്ങൾ എഴുപതാം വയസിലേക്ക് പ്രവേശിക്കുമ്പോൾ ഇനിയും അധികം മുന്നോട്ട് പോകാനുണ്ടെന്നും നിയോഗങ്ങളും ദൗത്യങ്ങളും വരുന്ന തലമുറയ്ക്ക് കൈമാറാനുണ്ട് എന്നുള്ളതും വിസ്മരിക്കാവതല്ല. അവിചാരിത സമയത്ത് ലഭിച്ച നിയോഗങ്ങൾ കർത്തൃ കൃപായിലശ്രയിച്ച് തുടരുവാൻ ഇനിയും ഏവരുടെയും സഹകരണവും പ്രാർത്ഥനയും ചോദിച്ചുകൊള്ളുന്നു.

**ജീവിത യാത്രയിൽ സ്വസ്ഥത അനുഭവിക്കാൻ കഴിയുന്നത് ദൈവ സാന്നിധ്യത്തിൽ മാത്രം. (പുറപ്പാട് 33:14)**

അനന്ത സാധ്യതകളുടെ പ്രതീക്ഷകളിലേക്കാണ് നമ്മുടെ ഓരോ പ്രഭാതവും പൊട്ടി വിടരുന്നത്. അതിലധികം വെല്ലുവിളികളും നിറഞ്ഞതാണ് മനുഷ്യന്റെ ദൈനംദിന യാത്രകളും. കുട്ടികൾ, യൗവ്വനക്കാർ വാർദ്ധക്യത്തിലെത്തിയവർ വരെ ഓരോ ദിവസവും അഭിമുഖികരിക്കേണ്ടിവരുന്ന വെല്ലുവിളികൾ അപ്രതീക്ഷിതവും, ആശങ്കകൾ നിറഞ്ഞതുമാണ്. പഴയ കാലം തുടങ്ങി ഇതുവരെയുള്ള മാനവസമൂഹത്തിന്റെ ഈ യാത്രയിൽ ദൈവം ഉപയോഗിച്ച ധാരാളം മനുഷ്യരെയും നേതൃത്വങ്ങളെയും നമ്മുക്ക് കാണാൻ കഴിയും. അങ്ങനെ ചരിത്രത്തിൽ ഉപയോഗിക്കപ്പെട്ട വ്യക്തിത്വമാണ് ബൈബിളിലെ മോശ. ദീർഘ വർഷത്തെ ഊഷര മരുഭൂമിയിലെ സേവനത്തിനു ശേഷം ദൈവീക ദൗത്യം ലഭിച്ച് – കാലങ്ങളായുള്ള ഒരു ജനതയുടെ വാഗ്ദത്ത നിവൃത്തിയുടെ പടിവാതിൽക്കൽ നിൽക്കുമ്പോഴും ആ മനുഷ്യൻ ദൈവത്തോട് ചോദിക്കുന്ന ചോദ്യം നിനക്കെന്നോട് കൃപയുണ്ടാകണമെന്നും, നിന്റെ സാന്നിധ്യം എന്നൊടുക്കൂടെ പോരുന്നില്ലെങ്കിൽ എന്നെ അയക്കല്ലേ എന്നും. വിളിച്ചിറക്കിയ കാലത്തു ദൈവത്തോട് ആവത് പറഞ്ഞു നോക്കിയതാ ഞാൻ വിക്കനാ, തടിച്ച നാവുള്ളവനാ, നിനക്ക് ബോധിച്ച മറ്റൊരാളെ അയക്കേണമേ (പുറപ്പാട് 4 : 10 – 13).

കുറവ് പരിഹരിക്കാൻ അഹരോനെ കൊടുത്തു, തീക്കൽ പാറയിൽ വെള്ളം, മരുഭൂമിയിൽ മന്ന, കാടപ്പക്ഷി, മാറയെ മധുരമാക്കി,മേഘ സ്തംഭം, അഗ്നി സ്തംഭം, വസ്ത്രം പഴകിയില്ല, ചെരുപ്പ് തേഞ്ഞില്ല.., ദൈവത്തോട് അഭിമുഖമായി സംസാരിച്ചു, തുടങ്ങി... ദൈവത്തോടുള്ള സാന്നിധ്യവും, സംസാരവും ജീവിതത്തിൽ ഇത്ര ഏറെ അനുഭവിച്ച ആ മനുഷ്യൻ പിന്നെയും പറയുകയാ നിന്റെ കൃപ വേണം, സാന്നിധ്യം കൂടെ പോരേണം എന്ന്. ഒരിക്കൽ അനുഭവിച്ച കൃപയിലും ദൈവ പ്രവർത്തിയിലും തൃപ്തിപെട്ടുപോകുന്ന ഇന്നിന്റെ തലമുറ മോശയുടെ ഹൃദയത്തിലുണ്ടായ ആ ദൈവീക താല്പര്യത്തിലേക്ക് ഓടി അടുത്തിരുന്നെങ്കിൽ എന്ന് കൊതിച്ചു പോകുന്നു. നേടിയ കൊട്ടാരത്തിലെ അറിവുകളെക്കാൾ അധികമായി, പരിചയിച്ച അനുഭവങ്ങളെക്കാൾ, ശീലങ്ങളെക്കാൾ വലുതാണ് ദൈവസാന്നിധ്യമെന്ന് മോശയെ ആരും പഠിപ്പിക്കണ്ട. കാരണം വന്ന വഴികളിൽ ദൈവത്താൽ മോശ പരിശീലിക്കപ്പെട്ടു, സാന്നിധ്യത്തിന്റെ സ്വസ്ഥത രുചിച്ചറിഞ്ഞു. ദൈവ സാന്നിധ്യം കൂടെ പോരുന്നില്ലെങ്കിൽ വേണ്ട എന്ന് പറയാനുള്ള ഉള്ളുറപ്പ് മോശ നേടിക്കഴിഞ്ഞു.

പ്രിയരേ ഓരുരുത്തരെയും ദൈവം രൂപപ്പെടുത്തിയെടുക്കുന്ന അച്ചുകൾ വ്യത്യസ്തമാണ്. നിനക്കു മാത്രമേ ശുശ്രൂഷ ചെയ്യാൻ അധികാരമുള്ളോ എന്നു ചോദിക്കുന്നവർ ആരും മോശയെ ദൈവം രുപപ്പെടുത്തിയ കഠിനയമേറിയ വഴികളെ കുറിച്ച് വ്യക്തതയില്ലാത്തവരാണ്. ഇങ്ങനെ ഉള്ള അവസരങ്ങളിൽ നമ്മൾ വേദനപ്പെട്ടുപോകുന്നതാണ്. മതി കർത്താവെ എന്നും, ഈ നിയോഗങ്ങൾ പോലും വേണ്ടായിരുന്നു എന്നും പറയാൻ ഇടയുള്ള സന്ദർഭത്തിൽ നമ്മുക്ക് വേണ്ടത് സ്വസ്ഥത നൽകുന്ന ദൈവസാന്നിധ്യം എനിക്കും വേണമെന്നാകട്ടെ.



# സേവനത്തിനായി തിരഞ്ഞെടുക്കപ്പെട്ടവർ

**പാസ്റ്റർ പോൾസൺ വി. എസ്സ്** (ജനറൽ സെക്രട്ടറി സി. ഇ. എം.)

പ്രിയ സഹപ്രവർത്തകരേ, സി. ഇ. എം കുടുംബമേ,

മാറുന്ന ആധുനിക ലോകത്ത് സഭയുടെ പ്രത്യാശയായ യുവജനങ്ങളെ ആത്മീയതയിലും സാമൂഹിക പ്രതിബദ്ധതയിലും നയിക്കാൻ നമുക്ക് സാധിക്കണം. പ്രാദേശിക തലം മുതൽ കേന്ദ്രം വരെ സി.ഇ.എം. പ്രവർത്തനങ്ങൾ അനുഗ്രഹിക്കപ്പെട്ട നിലയിൽ മുന്നോട്ട് പോകുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. പുതുക്കിയ ഭരണഘടന പ്രകാരം 2026–2028 കാലഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ കമ്മിറ്റിയെ സഭാ കൗൺസിൽ ചുമതലപ്പെടുത്തിയിരിക്കുകയാണല്ലോ. ദൈവത്താൽ നിയോഗിക്കപ്പെട്ട ഞങ്ങൾക്ക് മുന്നിൽ വലിയ പ്രതീക്ഷകളും ചില വെല്ലുവിളികളുമുണ്ടെങ്കിലും, സുവിശേഷീകരണം, ജീവകാരുണ്യം, യുവജനങ്ങളുടെ സമഗ്രമായ വളർച്ച എന്നിവ ലക്ഷ്യമിട്ടുള്ള നവീന പദ്ധതികൾ കർത്താവിൽ ആശ്രയിച്ച് നടപ്പിലാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു അതിനായി നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

സേവനത്തിനായി തിരഞ്ഞെടുക്കപ്പെട്ടവർ (Saved to Serve) എന്ന മഹത്തായ ലക്ഷ്യത്തോടെ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ഈ വലിയ ദൗത്യം വെറും പദവികളിൽ ഒതുക്കുവാനുള്ളതല്ല; മറിച്ച് പ്രവർത്തനരംഗത്ത് തെളിയിക്കാനുള്ളതാണ്. കേവലം ഒരു കൂട്ടായ്മ എന്നതിനപ്പുറം, ആത്മീയ ആയുധങ്ങളാൽ സന്നദ്ധരായ ഒരു യുവതലമുറയെ വാർത്തെടുക്കാൻ നേതൃത്വങ്ങൾ ഒന്നിച്ച് പ്രവർത്തനരംഗത്തേക്ക് ഇറങ്ങേണ്ടതുണ്ട്. ഒരു സംഘടന എന്ന നിലയിൽ നേതൃത്വത്തിലിരിക്കുന്ന നമുക്കിന്ന് ഒരേയൊരു ലക്ഷ്യമേയുള്ളൂ – ദൈവം നമ്മുടെ കരങ്ങളിൽ നൽകിയിരിക്കുന്ന തലമുറയെ കടന്നുപിടിക്കാൻ സാധ്യതയുള്ള ജീർണ്ണതകളിൽ നിന്ന് അവരെ കാത്തുസൂക്ഷിക്കുകയും, ദൈവരാജ്യത്തിന് പ്രയോജനമുള്ളവരായി ഒരുക്കുക എന്നതുമാണ്.

നമ്മുടെ യുവജന പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും ഒരുമിച്ച് മുന്നേറുന്നതിനുമായി നാം നെഞ്ചിലേറ്റേണ്ടുന്ന ചില വസ്തുതകൾ ഉണ്ട്. അതിൽ ഒന്നാമത്തേതും അതിപ്രധാനവുമായ കാര്യം എന്നത് ആത്മീയ വളർച്ചയാണ് (Spiritual Growth). അതിനായി ദൈവത്തോടും, വചനത്തോടും, പ്രാർത്ഥനയിൽ അധിഷ്ഠിതമായ ഒരു ആത്മീയ ജീവിതം കെട്ടിപ്പടുക്കേണ്ടതുണ്ട്. ആധുനിക ലോകത്തിന്റെ തെറ്റായ പ്രത്യയശാസ്ത്രങ്ങളിൽ വീണുപോകാതിരിക്കാൻ പ്രാദേശിക തലംമുതൽ വചനപഠനവും ചർച്ചകളും സംഘടിപ്പിക്കുന്നതിലൂടെ മറ്റുള്ളവർക്ക് സഭ വഴികാട്ടിയായി മാറേണ്ടതുണ്ട്. ഭൗതിക ലോകത്തിന്റെ കെണികളിൽ വീഴാതെ ദൈവീക മൂല്യങ്ങൾ ജീവിതത്തിൽ കാത്തുസൂക്ഷിക്കുകയും അതിനായി തലമുറകളെ ഒരുക്കി എടുക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. ഭയമില്ലാതെ സുവിശേഷം പ്രഖ്യാപിക്കുന്ന വീര്യമുള്ള സുവിശേഷകരായി യുവാക്കളെ ഒരുക്കിയെടുക്കുവാൻ നമുക്കിതിലൂടെ സാധിക്കട്ടെ.

രണ്ടാമത്തേത് സാമൂഹിക പ്രതിബദ്ധതയാണ് (Social Commitment). കൃത്യമായ ദിശാബോധത്തോടെ വാക്കുകൾക്ക് അപ്പുറത്ത് പ്രവർത്തിയിൽ അധിഷ്ഠിതമായ ചില കർമ്മ പഥങ്ങൾ നമുക്കുണ്ട്, അതിൽ പ്രധാനം സേവനമാണ്. പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ബുദ്ധിമുട്ടുന്നവർക്കും താങ്ങായി മാറാൻ നമ്മുടെ യുവത്വത്തെ ഒരുക്കുകയും അതിനായി അവരെ തന്നെ ഉപയോഗിക്കുകയും ആയതിലൂടെ അവരെ നേതൃനിരയിലേക്ക് കൈപിടിച്ചു ഉയർത്തുവാനും നമുക്ക് സാധിക്കും. പ്രാദേശിക ജീവകാരുണ്യ പ്രവർത്തനങ്ങളിലും ലഹരിവിരുദ്ധ ക്യാമ്പെയ്നുകളിലും യുവാക്കളെ പങ്കാളികളാക്കുകയും കൂടാതെ സമൂഹത്തിലെ തിന്മകൾക്കെതിരെ സ്നേഹത്തിന്റെയും നീതിയുടെയും ശബ്ദമായി മാറുക എന്നതും നമ്മുടെ ഉത്തരവാദിത്വമാണ്.

മൂന്നാമത്തേത് സഭയുടെ ഒരുമയും കൂട്ടായ്മയും (Unity in Action) കാത്ത് സൂക്ഷിക്കുക എന്നതാണ്. വ്യക്തിപരമായ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിവെച്ച് സഭയുടെ നന്മയ്ക്കായി കൈകോർക്കുകയും ഒറ്റക്കെട്ടായി പ്രവർത്തിക്കുക എന്നതും നമ്മുടെ ഉത്തരവാദിത്വമാണ്. കാലങ്ങളായുള്ള നമ്മുടെ സമ്പ്രദായങ്ങളെ പുതിയ ആശയങ്ങളിലൂടെ തിരുത്തുകയും സഭയെയും സമൂഹത്തെയും മുൻപോട്ട് നയിക്കാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട നേതൃത്വമെന്ന ഉറപ്പോടെ മുന്നിട്ടിറങ്ങാം. നമുക്ക് ഒരുമിച്ച് നിൽക്കാം; ക്രിസ്തീയ സ്നേഹത്തിലും ദർശനത്തിലും വളരാം.

# വിഷൻ & പ്രോജക്ട് 2026 -2028

പ്രവർത്തന പദ്ധതികൾക്കായി പ്രാർത്ഥിക്കുക... പങ്കാളിയാവുക...

## 1. കരുണയിൻ കരം പദ്ധതി

### വിദ്യാഭ്യാസ സഹായം



സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്ന കുടുംബങ്ങളിലെ അർഹരായ 500 വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ അടങ്ങിയ സ്കൂൾ കിറ്റുകൾ എത്തിച്ചുനൽകി അവരുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് തണലേകാനും കൂടാതെ അക്കാദമിക രംഗത്ത് മികച്ച വിജയം കൈവരിച്ച പ്രതിഭാശാലികളായ നമ്മുടെ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി വരുന്ന ഡിസംബറിൽ നടക്കുന്ന ജനറൽ കൺവെൻഷനിൽ വെച്ച് 'മെരിറ്റ് അവാർഡുകൾ' നൽകി ആദരിക്കാനും ആഗ്രഹിക്കുന്നു.

### സാന്ത്വന സ്പർശം



രോഗത്തിലും വാർദ്ധക്യത്തിലും ആയിരിക്കുന്ന ദൈവദാസന്മാരെ സന്ദർശിക്കാനും, അവർക്കൊപ്പം പ്രാർത്ഥനയിലും സംഭാഷണങ്ങളിലും പങ്കുചേരാനും ആഗ്രഹിക്കുന്നു. നമ്മുടെ കരുതൽ നിറഞ്ഞ സാന്നിധ്യം അവർക്ക് മാനസികമായ ഉത്തേജനവും ആത്മീയ ധൈര്യവും നൽകും. ഈ നല്ല ദൗത്യത്തിൽ പങ്കാളികളാകാൻ താല്പര്യമുള്ളവർ ദയവായി അറിയിക്കുക. ഈ പ്രവർത്തിയിലൂടെ മുതിർന്നവരെയും, നമുക്ക് മുന്നേ നടന്നവരെയും കർത്താവിൽ എപ്രകാരം ബഹുമാനിക്കാം എന്നതിനെ നമ്മുടെ തലമുറകളിലേക്ക് പകർന്ന് നൽകുവാൻ ആഗ്രഹിക്കുന്നു.

### നിരാലംബർക്കൊരു കൈത്താങ്ങ്



**ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കൊരു കരുതൽ**

ശാരീരികമായി വെല്ലുവിളികൾ നേരിടുന്ന നമ്മുടെ പ്രിയപ്പെട്ടവർക്ക് സ്വയംതൊഴിൽ കണ്ടെത്താനും, അവരുടെ ദൈനംദിന ആവശ്യങ്ങൾക്ക് വേണ്ടുന്ന പിന്തുണ നൽകി അവരെ സ്വയംപര്യാപ്തരാക്കാനും ആഗ്രഹിക്കുന്നു. ഈ കാരുണ്യപ്രവർത്തിയിൽ പങ്കാളികളാകാൻ ഏവരെയും സ്വാഗതം ചെയ്യുന്നു.

### സി.ഇ.എം. ഭവന–ആലയ നിർമ്മാണ പദ്ധതി



ദീർഘവർഷങ്ങളായി സഭാശുശ്രൂഷാ രംഗത്തുള്ള ദൈവദാസന്മാർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിശ്വാസികൾക്കും ഒരു ഭവന പദ്ധതി. ഒപ്പം സ്വന്തമായി ഭൂമിയുണ്ടായിട്ടും ആരാധനാലയമില്ലാതെ പ്രാർത്ഥിക്കുന്ന ദൈവജനത്തിനായി ഒരു ആലയ നിർമ്മാണ പദ്ധതിയും.വിശ്വാസികളുടെ ഭവനസ്വപ്നങ്ങളും സഭയുടെ ആരാധനാ ആവശ്യങ്ങളും യാഥാർത്ഥ്യമാക്കാൻ നമുക്കൊരുമിച്ച് കൈകോർക്കാം!

## 2. സുവിശേഷീകരണ പദ്ധതി

### മിനി കൺവെൻഷൻ & നിറവ് മ്യൂസിക് നൈറ്റ്



വലിയ ഹാളുകളുടെ അതിർവരമ്പുകളില്ലാതെ, വിശ്വാസികളുടെ ഭവനങ്ങളുടെ മുറ്റങ്ങളിൽ വചനശുശ്രൂഷയും സംഗീത ശുശ്രൂഷയും ഒത്തുചേരുന്ന ആത്മീയ കൂട്ടായ്മ! ക്രിസ്തീയ സ്നേഹത്തിൽ ദൈവവചനം ഹൃദയങ്ങളിലേക്ക് എത്തിക്കുന്നതോടൊപ്പം, പഴയതും പുതിയതുമായ ഗാനങ്ങളിലൂടെ ദൈവത്തെ ആരാധിക്കാനും നിറവ് മ്യൂസിക് നൈറ്റിലൂടെ അവസരമൊരുക്കുന്നു. കൂടാതെ വിവിധ റീജിയണുകൾ കേന്ദ്രീകരിച്ച് ഉപവാസ പ്രാർത്ഥനകളും കാത്തിരിപ്പ് യോഗങ്ങളും സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. യുവതലമുറയെ ആത്മീയമായി ശക്തീകരിക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു.

## മിഷൻ ട്രിപ്പ്




ഉത്തരേന്ത്യൻ ഗ്രാമീണ ദൗത്യം എന്ന ലക്ഷ്യത്തോടെ പുതുതലമുറയെ മിഷൻ പ്രവർത്തനങ്ങൾക്കായി ശാക്തീകരിക്കാനും, അവിടുത്തെ ഗ്രാമങ്ങളുടെ യഥാർത്ഥ ഹൃദയതുടിപ്പുകൾ അടുത്തറിയാനും അവസരം ഒരുക്കുന്നു. ആത്മീയവും സാമൂഹികവുമായ മാറ്റങ്ങൾ ലക്ഷ്യമാക്കി സേവനമനസ്സുള്ള ചെറുസംഘങ്ങളായി നടത്തുന്ന ഈ ദൗത്യയാത്രകൾ, യുവതലമുറയിൽ സുവിശേഷ പ്രഘോഷണത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനും ഉത്തരേന്ത്യൻ മണ്ണിൽ വലിയൊരു മാറ്റത്തിന് വഴിയൊരുക്കുന്നതിനുമുള്ള മികച്ചൊരു വേദിയായിരിക്കും.

## ജീവിതമാണ് ലഹരി : യുവമുന്നേറ്റ യാത്ര



സാമൂഹിക തിന്മകൾക്കെതിരെ ജനങ്ങളിൽ അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ, കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ നാലാമത് 'യുവമുന്നേറ്റ യാത്ര' സംഘടിപ്പിക്കുന്നു. മുൻവർഷങ്ങളിലെ വിജയകരമായ ലഹരിവിരുദ്ധ സന്ദേശയാത്രകളുടെയും ബൈക്ക് റാലികളുടെയും തുടർച്ചയായാണ് ഈ വർഷവും ഈ ക്യാമ്പയിൻ ജനങ്ങളിലേക്ക് എത്തുന്നത്. ലഹരിയുടെ കെണിയിൽ അകപ്പെട്ടവരെ തിരിച്ചറിയാനും, ആത്മാർത്ഥമായ കൗൺസിലിംഗിലൂടെയും പ്രാർത്ഥനയിലൂടെയും അവരെ വീണ്ടെടുത്ത് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാനും ആഗ്രഹിക്കുന്നു.

## മിഷൻ പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം!



ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പുതിയ സുവിശേഷ പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്നതിനായി, ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നതും തിരഞ്ഞെടുക്കപ്പെടുന്നതുമായ ദൈവദാസന്മാരെ അടുത്ത രണ്ട് വർഷത്തേക്ക് സാമ്പത്തികമായി സഹായിക്കുവാൻ ആഗ്രഹിക്കുന്നു.

# 3. വചനപഠന പദ്ധതി

## തിരുവചന ധ്യാനം



**ഒരു വർഷം കൊണ്ട് ഒരു സമ്പൂർണ്ണ ബൈബിൾ വായനാ യജ്ഞം**

'ദൈവവചനം ജീവനും ചൈതന്യവുമുള്ളതാണ്.' വരും തലമുറകളിൽ ദൈവവചനത്തോടുള്ള ആഭിമുഖ്യം വളർത്തുക എന്ന ലക്ഷ്യത്തോടെ, ഒരു വർഷത്തിനുള്ളിൽ ബൈബിൾ മുഴുവനായി വായിച്ചുതീർക്കുന്നതിനുള്ള ഒരു 'ബൈബിൾ വായനാ കാർഡ്" (Bible Reading Card) ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നു. ഇതിനോടൊപ്പം, ദൈവവചനത്തെ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന 'ഒരു വർഷത്തെ വചനധ്യാന പദ്ധതിയും (Bible Meditation Plan) വായന കൂടുതൽ സജീവമാക്കുന്നതിനായി 'ബൈബിൾ ക്വിസ് മത്സരങ്ങളും' ഈ പഠന പദ്ധതിയുടെ ഭാഗമായിരിക്കും.

## വേദ പരിശീലന സഹായം



പഠിക്കാൻ അതിയായ ആഗ്രഹവും അഭിരുചിയും ഉണ്ടായിട്ടും, ജീവിതസാഹചര്യങ്ങൾ കൊണ്ടോ സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ടോ പ്രോത്സാഹനക്കുറവ് കൊണ്ടോ തങ്ങളുടെ ലക്ഷ്യത്തിലെത്താൻ സാധിക്കാതെ പോയവർക്കുള്ള ഒരു കൈത്താങ്ങാണ് 'വചന പഠന സഹായം'. അവർക്ക് ആവശ്യമായ പഠനസാമഗ്രികൾ, ശരിയായ മാർഗ്ഗനിർദ്ദേശം (Mentorship), കൗൺസിലിംഗ്, മികച്ച പഠന അവസരങ്ങൾ എന്നിവ ഉറപ്പാക്കിക്കൊണ്ട് വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു

## 4. സാമൂഹീക പ്രതിബദ്ധതാ പ്രോഗ്രാം

### ബ്ലഡ് ഡൊണേഷൻ ഫോറം




'രക്തദാനം മഹാദാനം' എന്ന മഹത്തായ സന്ദേശം പ്രാവർത്തികമാക്കിക്കൊണ്ട്, ജീവകാരുണ്യ മേഖലയിൽ ഒരു പുതിയ ചുവടുവെപ്പിന് സി. ഇ. എം. തുടക്കം കുറിക്കുകയാണ്. അടിയന്തര ഘട്ടങ്ങളിൽ സഹജീവികൾക്ക് താങ്ങാവുക എന്ന ലക്ഷ്യത്തോടെ സി. ഇ. എം. ബ്ലഡ് ഡൊണേഷൻ ഫോറം ഔദ്യോഗികമായി രൂപീകരിക്കുന്നു. ആയതിനായുള്ള പ്രാഥമിക വിവരശേഖരണം ഈ വർഷത്തെ മെമ്പർഷിപ്പ് ക്യാമ്പയിനോടുള്ള ബന്ധത്തിൽ നടത്തിവരുന്നു.

### മരം ഒരു വരം: സി. ഇ. എം ഹരിത പദ്ധതി



ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സി. ഇ. എം - ന്റെ ആഭിമുഖ്യത്തിൽ വിവിധയിടങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നു. 'മരം ഒരു വരം' എന്ന ലക്ഷ്യം മുൻനിർത്തി പ്രകൃതിയെ കാത്തുസൂക്ഷിക്കാൻ നടത്തുന്നതാണ് ഈ ശ്രമം. ഭൂമിയെ പച്ചപ്പണിയിക്കാനും വരുംതലമുറയ്ക്കായി പ്രകൃതിയെ കാത്തുസൂക്ഷിക്കാനുമുള്ള ഈ ഹരിത സംരംഭത്തിൽ നമുക്കൊന്നായി കൈകോർക്കാം.

### സോഷ്യൽ വർക്കുകൾ



സമൂഹത്തോടുള്ള പ്രതിബദ്ധത മുൻനിർത്തി, ഗവൺമെന്റ് - ഗവൺമെന്റിതര സ്ഥാപനങ്ങളുമായി (പഞ്ചായത്തുകൾ, വില്ലേജുകൾ, സ്കൂളുകൾ, അങ്കണവാടികൾ) സഹകരിച്ച് വിവിധ സാമൂഹ്യസേവന പ്രവർത്തനങ്ങൾ നടത്തുവാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി പൊതുജനാരോഗ്യവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പരിസര ശുചീകരണ പ്രവർത്തനങ്ങളും, സാമൂഹിക വിപത്തുകൾക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികളും വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതാണ്.

### വാളന്റിയർ ഫോഴ്സ് - സി. ഇ. എം ബ്രിഗേഡിയർ



പ്രകൃതി ദുരന്തങ്ങൾ, അവശ്യ സർവീസുകൾ, സമൂഹത്തോടുള്ള പ്രതിബദ്ധത എന്നിവയെ മുൻനിർത്തി ഗവൺമെന്റ് - ഗവൺമെന്റിതര സ്ഥാപനങ്ങളുമായി സഹകരിച്ച് വിപുലമായ സാമൂഹ്യസേവന പ്രവർത്തനങ്ങൾ നടത്തുന്നതിനായി 'സി. ഇ. എം ബ്രിഗേഡിയർ' (CEM Brigadier) എന്ന പേരിൽ ഒരു പുതിയ വാളന്റിയർ ഫോഴ്സ് രൂപീകരിക്കുന്നതാണ്. ഈ വാളന്റിയർ ഫോഴ്സിൽ പങ്കാളികളാകുന്നവർക്ക് ഔദ്യോഗിക തിരിച്ചറിയൽ കാർഡുകൾ (ID Cards) ലഭ്യമാക്കുന്നതോടൊപ്പം, ഗവൺമെന്റിന്റെ പരമാവധി ആനുകൂല്യങ്ങളും അംഗീകാരങ്ങളും നേടിയെടുക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതുമായിരിക്കും.

## 5. സഭക്കകത്തുള്ള പ്രോഗ്രാം

### പ്രീമാരിറ്റൽ കൗൺസിലിംഗ്



പ്ലസ് ടു കഴിഞ്ഞ യുവതലമുറയെ ക്രിസ്തീയ മൂല്യങ്ങളിലൂന്നിയ കുടുംബജീവിതത്തിനായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ, നേതൃത്വത്തിന്റെ അംഗീകാരത്തോടെ സംഘടിപ്പിക്കുന്ന ഒരു കൗൺസിലിംഗ് ക്ലാസാണ് ലക്ഷ്യമിടുന്നത്. ഉപരിപഠനത്തിലേക്കും കരിയറിലേക്കും പ്രവേശിക്കുന്ന ഈ ഘട്ടത്തിൽ, ഉത്തരവാദിത്തമുള്ള പങ്കാളിത്തം, പരസ്പര ബഹുമാനം, കുടുംബബന്ധങ്ങളുടെ വിശുദ്ധി എന്നിവയെക്കുറിച്ച് വ്യക്തമായ ബോധ്യം നൽകാൻ ഈ കോഴ്സ് സഹായിക്കുന്നു. സഭയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പരിചയസമ്പന്നരായ കൗൺസിലർമാരും വിദഗ്ദ്ധരും നയിക്കുന്ന ക്ലാസുകൾ, യുവതിയുവാക്കൾക്ക് ആരോഗ്യകരമായ ദാമ്പത്യ വീക്ഷണം വളർത്തിയെടുക്കാൻ മികച്ച അടിത്തറയേകും.

## സി. ഇ. എം ഡേ

എല്ലാ വർഷവും ജൂൺ മാസത്തിലെ നാലാമത്തെ ഞായറാഴ്ച സി. ഇ. എം. ഡേ ആയി വേർതിരിക്കുന്നു. അന്നേ ദിവസം ഈ പ്രവർത്തനങ്ങൾക്കായി ഓരോ ലോക്കൽ സഭകളിലും നിശ്ചിത സമയം സി. ഇ. എം പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുകയും അതോടൊഷം തന്നെ സി. ഇ. എം ന്റെ സാമ്പത്തിക ആവശ്യങ്ങൾക്കായി ഒരുക്കിയിരിക്കുന്ന വ്യക്തിഗത സംഭാവന കവർ ശേഖരിക്കുകയും ചെയ്യുന്നു.

## യുവജന സെമിനാറും കരിയർ ഗൈഡൻസും



ആധുനിക ലോകത്തെ പ്രതിസന്ധികളെയും മാനസിക സമ്മർദ്ദങ്ങളെയും അതിജീവിച്ച്, ആത്മീയമായ അടിത്തറയോടെ വ്യക്തിത്വം വളർത്തിയെടുക്കാൻ യുവാക്കൾക്കൊരു സുവർണ്ണാവസരം. പ്രഗത്ഭരായ റിസോഴ്സ് പേഴ്സൺമാർ നയിക്കുന്ന പ്രത്യേക സെമിനാർ ക്രമീകരിക്കുന്നു. തുടർപഠനം ആഗ്രഹിച്ചിട്ടും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെയും വിവരങ്ങളുടെയും കുറവുമൂലം മികച്ച അവസരങ്ങൾ നഷ്ടപ്പെടുന്ന നമ്മുടെ കുട്ടികൾക്ക് നേർവഴി കാട്ടുക എന്ന ലക്ഷ്യത്തോടെ ഈ വർഷം മുതൽ കരിയർ ഗൈഡൻസ് ക്ലാസ്സുകളും ഈ വർഷം മുതൽ ആരംഭിക്കുന്നു!

## ഇ–മാഗസിൻ (E-Magazine)




യുവജനങ്ങളുടെ സർഗ്ഗാത്മകമായ അഭിരുചികളെ കണ്ടെത്താനും, അവരെ സമൂഹത്തിലെ പോസിറ്റീവായ മാറ്റത്തിന്റെ ശബ്ദമാക്കി മാറ്റാനും ലക്ഷ്യമിട്ടുകൊണ്ട് ഇ–മാഗസിൻ (E-Magazine) ആരംഭിക്കുന്നു. എഴുത്തിന്റെ മേഖലയിൽ താല്പര്യമുള്ള യുവതലമുറയ്ക്കായി ഒരുക്കുന്ന ഈ ഓൺലൈൻ പ്ലാറ്റ്ഫോം, അവരുടെ ചിന്തകൾക്കും ആശയങ്ങൾക്കും മികച്ചൊരു വാതായനമായിരിക്കും.

## താലന്ത് പരിശോധന



യുവതലമുറയുടെ സർഗ്ഗവാസനകളെയും ദൈവീക കഴിവുകളെയും ഉണർത്തുകയും, അവയെ ദൈവരാജ്യത്തിന്റെ മഹത്വത്തിനായി ഉപയോഗിക്കാൻ അവരെ ഒരുക്കുകയും ചെയ്യുക എന്നതാണ് താലന്ത് പരിശോധനയുടെ ലക്ഷ്യം. റീജിയൻ താലന്ത് പരിശോധനയിൽ വിജയിക്കുന്നവർക്കായി ഒക്ടോബർ 20 – ന് തിരുവല്ല ശാരോനിൽ വെച്ച് കേന്ദ്രതല താലന്ത് പരിശോധന നടത്തുന്നതായിരിക്കും.

## ജനറൽ ക്യാമ്പ്




ഡിസംബർ മാസത്തിലെ ക്രിസ്തുമസ് അവധികാലത്ത് ഈ വർഷത്തെ ജനറൽ ക്യാമ്പ് നടത്തുവാൻ ആഗ്രഹിക്കുന്നു.

ക്യാമ്പിന്റെ പ്രധാന ആകർഷണങ്ങൾ:

- ആഴമേറിയ വചന പഠനവും, ചർച്ചകളും
- വ്യക്തിഗത കൗൺസിലിംഗ് സൗകര്യം
- ആത്മീയ ഉണർവ്വ് നൽകുന്ന വചന സന്ദേശങ്ങൾ
- അനുഗ്രഹീത സംഗീത ശുശ്രൂഷ
- സുവിശേഷവേലയ്ക്കായുള്ള മിഷൻ ചലഞ്ച്

ഈ ക്യാമ്പ് അനുഗ്രഹമായി തീരുവാൻ പ്രാർത്ഥനയോടെ ഒരുങ്ങുക.

**നിങ്ങൾക്ക് ഈ പ്രവർത്തനത്തിൽ എങ്ങനെ സഹകരിക്കാം.**

1. ഈ പ്രവർത്തനങ്ങൾക്കായി നിരന്തരമായി പ്രാർത്ഥിക്കുക.
2. പുതിയ പ്രവർത്തന സ്ഥലങ്ങളിലെ സുവിശേഷകനായി മാസം 3000/രൂപ സപ്പോർട്ട് ചെയ്യുക.
3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനത്തിന് സ്പോൺസർഷിപ്പ് നൽകാം.
(ലഭിക്കുന്ന എല്ലാ സംഭാവനകൾക്കും രസീത് നൽകുന്നതാണ്.)

നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് സി. ഇ. എം നു വേണ്ടി

പാസ്റ്റർ വിൻസെന്റ് മാത്യു
ജനറൽ പ്രസിഡന്റ് Ph: 9446 624 345

പാസ്റ്റർ പോൾസൺ വി. എസ്സ്
ജനറൽ സെക്രട്ടറി Ph: 9744 676 409

ബ്രദർ ബോബി മാത്യു
ജനറൽ ട്രഷറർ Ph: 9746 173 289

# സി.ഇ.എം. താലന്തു പരിശോധന 2026

സി.ഇ.എം കേന്ദ്ര താലന്തു പരിശോധന 2026 ഒക്ടോബർ 20 ചൊവ്വാഴ്ച്ച രാവിലെ എട്ടുമണി മുതൽ തിരുവല്ല ശാരോനിൽ വച്ച് നടത്തുന്നതിന് കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു.

സെക്ഷൻ, റീജിയൻ താലന്ത് പരിശോധന നടക്കേണ്ടുന്ന അവസാന തീയതി സെക്ഷൻ തലത്തിൽ സെപ്റ്റംബർ 12ന് മുൻപ് റീജിയൻ തലത്തിൽ ഒക്ടോബർ 2നകം

റീജിയൻതല താലന്ത് പരിശോധന ഫലം കേന്ദ്ര താലത്ത് പരിശോധന സെക്രട്ടറിയെ ഏൽപ്പിക്കേണ്ട അവസാന തീയതി 2026 ഒക്ടോബർ 2 വൈകിട്ട് 8 മണിക്ക് മുൻപ്

2026 ലെ താലന്തുപരിശോധന തുടർന്നു രേഖപ്പെടുത്തിയിരിക്കുന്ന നിബന്ധനകൾക്ക് അനുസരിച്ചായിരിക്കും നടക്കുന്നത്. ഈ സർക്കുലറിലെ നിബന്ധനകൾ ലോക്കൽ, സെക്ഷൻ / സെന്റർ, റീജിയൻ തലങ്ങളിലെ താലന്തു പരിശോധനയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ്. സെക്ഷൻ, റീജിയൻ തലങ്ങളിൽ നിലവിലുള്ള നിയമാവലിക്ക് ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ നടപ്പിലാക്കിയാൽ അവ കൃത്യമായും നിർബന്ധമായും പ്രാദേശിക സഭകളെ അറിയിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ഈ നിയമാവലികൾക്കു മാറ്റം വരുത്തിയാൽ അവ കേന്ദ്ര സി.ഇ.എം. സെക്രട്ടറിയെ നിർബന്ധമായും അറിയിച്ചിരിക്കണം. എന്നാൽ ഇത്തരത്തിലുള്ള മാറ്റങ്ങൾ കേന്ദ്ര മത്സരങ്ങൾക്കു ബാധകമായിരിക്കയില്ല. ഒരാൾക്ക് എത്ര ഇനത്തിൽ വേണമെങ്കിലും പങ്കെടുക്കാം. കേന്ദ്രതാലന്തു പരിശോധന പൂർണ്ണമായും ഇവിടെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചായിരിക്കും നടക്കുക.

| | പ്രായപരിധി | |
|---|---|---|
| 1. | കിഡ്സ് | 01-01-2021 മുതൽ ജനിച്ചവർ (5 വയസ്സ് വരെ) |
| 2. | സബ് ജൂനിയേഴ്സ് | 01-01-2017 മുതൽ 31-12-2020 വരെ ജനിച്ചവർ (6-9 വയസ്സ്) |
| 3. | ജൂനിയേഴ്സ് | 01-01-2013 മുതൽ 31-12-2016 വരെ ജനിച്ചവർ (10-13 വയസ്സ്) |
| 4. | ഇന്റർ മീഡിയേറ്റ് | 01-01-2008 മുതൽ 31-12-2012 വരെ ജനിച്ചവർ (14-18 വയസ്സ്) |
| 5. | സീനിയേഴ്സ് | 01-01-2002 മുതൽ 31-12-2007 വരെ ജനിച്ചവർ (19-24 വയസ്സ്) |
| 6. | മേജർ | 01-01-1994 മുതൽ 31-12-2001 വരെ ജനിച്ചവർ (25-32 വയസ്സ്) |
| 7. | സൂപ്പർ സീനിയേഴ്സ് | 01-01-1981 മുതൽ 31-12-1993 വരെ ജനിച്ചവർ (33-45 വയസ്സ്) |
| 8. | സീനിയർ സി.ഇ.എം | 31-12-1980 നോ അതിന് മുമ്പോ ജനിച്ചവർ (46 വയസ്സിന് മുകളിൽ) |

| പ്രോഗ്രാംസ് | | | |
|---|---|---|---|
| | ഗ്രൂപ്പ് | സ്റ്റേജ് പ്രോഗ്രാംസ് | എഴുത്ത് പ്രോഗ്രാം |
| 1. | കിഡ്സ് | ഗാനം, വാക്യം പറച്ചിൽ,<br>ആക്ഷൻ സോങ്, കഥ പറച്ചിൽ | കളറിംഗ് |
| 2. | സബ് ജൂനിയേഴ്സ് | ഗാനം, വാക്യം പറച്ചിൽ, കഥ പറച്ചിൽ | കളറിംഗ് |
| 3. | ജൂനിയേഴ്സ് | ഗാനം, പ്രസംഗം, ഉപകരണസംഗീതം<br>(കീബോർഡ്, ഗിറ്റാർ) | വാക്യമെഴുത്ത്,<br>ബൈബിൾ ചിത്രരചന,<br>ബൈബിൾ ക്വിസ് |
| 4. | ഇന്റർമീഡിയേറ്റ് | ഗാനം, പ്രസംഗം, ഉപകരണസംഗീതം<br>(കീബോർഡ്, ഗിറ്റാർ) | വാക്യമെഴുത്ത്, ഉപന്യാസം,<br>ബൈബിൾ ചിത്രരചന,<br>ബൈബിൾ ക്വിസ് |
| 5. | സീനിയേഴ്സ് | ഗാനം, പ്രസംഗം, ഉപകരണസംഗീതം<br>(കീബോർഡ്, ഗിറ്റാർ) | വാക്യമെഴുത്ത്, കവിതാരചന,<br>ഉപന്യാസം, ബൈബിൾ ക്വിസ് |
| 6. | മേജർ | ഗാനം, പ്രസംഗം, ഉപകരണസംഗീതം,<br>(കീബോർഡ്, ഗിറ്റാർ) | വാക്യമെഴുത്ത്, കവിതാരചന,<br>ഉപന്യാസം, ബൈബിൾ ക്വിസ് |
| 7. | സൂപ്പർ സീനിയേഴ്സ് | ഗാനം, പ്രസംഗം | വാക്യമെഴുത്ത്, കവിതാരചന,<br>ഉപന്യാസം, ബൈബിൾ ക്വിസ് |
| 8. | സീനിയർ സി.ഇ.എം | ഗാനം, പ്രസംഗം | വാക്യമെഴുത്ത്, ബൈബിൾ ക്വിസ് |

| ഉപകരണ സംഗീതം | |
|---|---|
| 1. | എണ്ണി എണ്ണി സ്തുതിക്കുവാൻ |
| 2. | ഒന്നുമില്ലായ്മയിൽ നിന്നെന്നെ ഉയർത്തിയ നിൻ സ്നേഹം ഓർക്കുമ്പോൾ |
| 3. | യേശു വരുന്നേ പൊന്നേശു വരുന്നേ |
| 4. | കാൽവരിക്കുന്നിൽ നാഥൻ യാഗമായി മാറി |

| | പ്രസംഗ വിഷയങ്ങൾ | |
|---|---|---|
| 1 | ജൂനിയേഴ്സ് JUNIORS | തിരുവചനത്തിന്റെ ശക്തി (Power of the Holy Scriptures) |
| | | പങ്കുവെയ്ക്കപ്പെടുന്ന ദൈവസ്നേഹം (Sharing God's Love) |
| | | ദൈവത്തിനു പ്രസാദമുള്ള പ്രാർത്ഥന (A Prayer pleasing to God) |
| 2 | ഇന്റർമീഡിയേറ്റ് INTERMEDIATE | വിശ്വാസത്തിന്റെ നല്ല പോരാട്ടം (Fight the good Fight of faith) |
| | | മനുഷ്യനായി അവതരിച്ച ക്രിസ്തു (Christ who became man) |
| | | നീതിയുടെ കിരീടം പ്രാപിക്കുക (Receive the crown of righteousness) |
| 3 | സീനിയേഴ്സ് SENIORS | യൗവനത്തിലെ മാതൃക (An example in youth) |
| | | ഏൽപ്പിച്ചിരിക്കുന്ന ഉപനിധി കാക്കുക (Guard what has been entrusted ) |
| | | നല്ല വേലയ്ക്ക് ഒരുങ്ങുന്ന മാനപാത്രം (Vessel Prepared for every good work) |
| 4 | മേജർ MAJOR | ക്രിസ്തുവിന്റെ നല്ല ഭടൻ (A good soldier of christ Jesus) |
| | | പ്രത്യാശ നഷ്ടപ്പെടാത്ത സഭ (The Church That Never Loses Hope) |
| | | ദൈവത്തിനു കൊള്ളാവുന്നവനായി നിൽക്കുക (Present yourself approved to God) |
| 5 | സൂപ്പർ സീനിയർ SUPER SENIOR | ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക (Be strong in the grace of Jesus Christ) |
| | | കർത്താവിന്റെ പ്രത്യക്ഷതയിൽ പ്രിയംവെക്കുക (To Love the appearance of the lord) |
| | | തലമുറകളെ സ്വാധീനിക്കുന്ന വിശ്വാസം (A Faith That Influences Generations) |
| 6 | സീനിയർ സി.ഇ.എം SENIOR CEM | ദൈവവിളിക്ക് വിശ്വസ്തരായ മാതാപിതാക്കൾ (Parents Faithful to God's Calling) |
| | | നിത്യജീവനെ പിടിക്കുക (Take hold of of eternal life) |
| | | സഭയിലെ ഉപദേഷ്ടാക്കന്മാർ (Teachers in the Church) |

| | ഗ്രൂപ്പ് | ബൈബിൾ ക്വിസ്സും, വാക്യം എഴുത്തിന്റെ പുസ്തകങ്ങളും |
|---|---|---|
| 1. | കിഡ്സ് | ബൈബിളിലെ ഏത് പുസ്തകത്തിൽ നിന്നും |
| 2. | സബ്ബ് ജൂനിയേഴ്സ് | സദൃശ്യവാക്യങ്ങൾ |
| 3. | ജൂനിയേഴ്സ് | ലൂക്കോസ്, യോഹന്നാൻ, ഉല്പത്തി |
| 4. | ഇന്റർമീഡിയേറ്റ് | യെശയ്യാവ്, പുറപ്പാട്, റോമർ |
| 5. | സീനിയേഴ്സ് | ആവർത്തനം, തീത്തോസ്, അപ്പോസ്തോല പ്രവർത്തികൾ |
| 6. | മേജർ | വെളിപ്പാട്, 2 ശമുവേൽ, എഫെസ്യർ |
| 7. | സൂപ്പർ സീനിയേഴ്സ് | ലേവ്യർ, 2 കൊരിന്ത്യർ, യെഹസ്ക്കേൽ |
| 8. | സീനിയർ സി.ഇ.എം | യിരമ്യാവ്, ദാനിയേൽ, മർക്കോസ് |

# എഴുത്തു പ്രോഗ്രാമുകളുടെ നിയമങ്ങൾ

**കളറിംഗ് (15 മിനിറ്റ്)**: കളറിംഗ് ഷീറ്റ് നൽകുന്നതാണ്. കളറിംഗിനായി ക്രയോൺസ് മാത്രമേ ഉപയോഗിക്കാവു. ക്രയോൺസ് അവരവർ തന്നെ കരുതേണ്ടതാണ്.

**ബൈബിൾ ചിത്രരചന (15 മിനിറ്റ്)**: ബൈബിൾ പ്രമേയം അടിസ്ഥാനമാക്കി അതാത് ഗ്രൂപ്പിന് ജഡ്ജസ്സ് നൽകുന്ന വിഷയത്തെ ആസ്പദമാക്കി ചിത്രം രചിക്കേണ്ടതാണ്. ചിത്രരചനക്ക് ആവശ്യമുള്ള പേപ്പർ നൽകുന്നതാണ്. ചിത്രം വരയ്ക്കാൻ പെൻസിൽ മാത്രമേ ഉപയോഗിക്കാവു. വരയ്ക്കാനുള്ള സാമഗ്രികൾ (പെൻസിൽ, റബ്ബർ, റൈറ്റിംഗ്പാഡ്, ഷാർപ്പണർ) മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.

**ഉപന്യാസം (15 മിനിറ്റ്)**: ഉപന്യാസത്തിനായി അതാത് ഗ്രൂപ്പിന് ജഡ്ജസ്സ് വിഷയം നൽകുന്നതായിരിക്കും. ഉപന്യാസം എഴുതുന്ന സമയത്ത് ഒത്ത് വാക്യങ്ങൾ ഇല്ലാത്ത ബൈബിൾ ഉപയോഗിക്കാം. മറ്റ് കുറിപ്പുകൾ ഒന്നും പാടില്ല. മലയാള ത്തിലോ ഇംഗ്ലീഷിലോ എഴുതാം. മുഖവുര, വിഷയാവതരണം, സാന്ദർഭീകമായ ഉദ്ധരണികൾ, ആശയാവിഷ്കരണം, ഉപസംഹാരം എന്നിവയും ബൈബിൾ വീക്ഷണം, സാമൂഹിക കാഴ്ചപ്പാട് ഇവ തമ്മിൽ യോജിപ്പിച്ച വ്യക്തവും, ക്രിയാത്മകവുമായ ചിന്തകളും പരിഗണിക്കുന്നതായിരിക്കും.

**കവിതാരചന (15 മിനിറ്റ്)**: കവിതാ രചനയ്ക്ക് അതാത് ഗ്രൂപ്പിന് ജഡ്ജസ്സ് വിഷയം നൽകുന്നതായിരിക്കും മലയാള ത്തിലോ ഇംഗ്ലീഷിലോ എഴുതാം. ബൈബിൾ അടിസ്ഥാനമാക്കി വിഷയത്തോടു നീതിപുലർത്തി എഴുതുന്ന ഭാഷയുടെ (മലയാളം/ഇംഗ്ലീഷ്) കവിതാരചന നിയമങ്ങൾക്ക് അനുസൃതമായി കവിത എഴുതുക.

**വാക്യമെഴുത്ത് (15 മിനിറ്റ്)**: ബൈബിളിൽ ഉള്ളതുപോലെ കുത്തും, കോമയും ഉപയോഗിക്കണം. എഴുതുന്ന ഓരോ വാക്യ ത്തിനും കൃത്യമായ ക്രമനമ്പർ ഉണ്ടായിരിക്കണം. ക്രമനമ്പർ സമയ പരിധിക്കുള്ളിൽ തന്നെ എഴുതേണ്ടതാണ്. ഒരു പുസ്തക ത്തിൽ നിന്നും വാക്യം എഴുതുമ്പോൾ പുസ്തകത്തിന്റെ പേര് തുടക്കത്തിൽ മാത്രം എഴുതിയാൽ മതി. റഫറൻസ് ചുവടെ ചേർത്തിരിക്കുന്നതുപോലെ പൂർണ്ണമായി തന്നെ എഴുതണം. ഉദാ : മലയാളത്തിൽ 1. ഉൽപത്തി 3:8, 2. ലേവ്യ 2:4, 3. അപ്പോ. പ്രവർത്തി 2:12 ഇംഗ്ലീഷിൽ 1. Genesis 3:8, 2. Leviticus 2:4, Act 2:12. ഒരു വാക്യം പല റഫറൻസുകളിലുള്ളത് ഒരു പ്രാവശ്യം മാത്രമേ എഴുതാവൂ. ഉദാ : യെഹെസ്കേൽ 6:1 യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ, യെഹെസ്കേൽ 7:1 യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ – ആവർത്തിച്ചെഴുതിയാലും ഒരെണ്ണത്തിന് മാത്രമേ മാർക്ക് നൽകുകയുള്ളൂ. തുടർച്ചയായി മൂന്ന് വാക്യങ്ങൾ ഒരു അദ്ധ്യായത്തിൽ നിന്നും എഴുതാം. പേരുകൾ മാത്രമുള്ളത് വാക്യമായി പരിഗണിക്കില്ല. ഉദാ: കേനാൻ, മഹലലേൽ, യാരേദ്. വാക്യമെഴുത്തിൽ ഫുൾ സ്റ്റോപ്പ്, ചോദ്യചിഹ്നം, അർദ്ധവിരാമം എന്നിവയിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ വാക്യങ്ങൾ എഴുതാം. ബൈബിളിൽ ഉള്ളതുപോലെ തന്നെ എഴുതണം. കുത്ത്, കോമ എന്നിവ വേണം. വാക്യങ്ങൾ നിർബന്ധമായും വായിക്കത്തക്കവിധം വ്യക്തമായി എഴുതണം. വായിക്കാൻ പറ്റാത്തവയും, അപൂർണ്ണമായ വാക്യങ്ങളും റഫറൻസുകളും മൂല്യ നിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. വാക്യ മത്സരത്തിന് 10 വാക്യമെങ്കിലും ശരിയായി എഴുതാത്തവരെ അയോഗ്യരാക്കുന്നതാണ്. ഇംഗ്ലീഷിൽ എഴുതുമ്പോൾ അവ ഏതു വേർഷൻ NKJV അല്ലെങ്കിൽ NIV എന്നിവ എന്ന് തുടക്കത്തിൽ തന്നെ രേഖപ്പെടുത്തി യിരിക്കണം, ആയതു പോലെ മലയാളത്തിൽ എഴുതുമ്പോൾ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ പഴയത്, പുതിയത് എന്ന് രേഖപ്പെടുത്തിയിരിക്കണം. ഒരു പേജിൽ കുറഞ്ഞത് 5 വാക്യങ്ങൾ എങ്കിലും നിർബന്ധമായും എഴുതിയിരിക്കണം.

**വ്യക്തിഗത ബൈബിൾ ക്വിസ്സ് (15 മിനിറ്റ്)**: ബൈബിൾ ക്വിസ്സിനു നൽകിയിരിക്കുന്ന പുസ്തകങ്ങളിൽ നിന്നും പരമാവധി 15 ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങൾ 3 ഓപ്ഷനുകൾ സഹിതം മലയാളത്തിൽ നൽകുന്നതായിരിക്കും. (ഇംഗ്ലീഷ് ചോദ്യാവലി ആവശ്യമെങ്കിൽ നേരത്തെ അറിയിക്കേണ്ടതാണ്) ബൈബിൾ ക്വിസ്സിനു ചോദ്യങ്ങൾ ബൈബിളിൽ നിന്നും നേരിട്ടുള്ള വയായിരിക്കണം. വിധികർത്താക്കൾ ചോദ്യാവലി തയ്യാറാക്കുമ്പോൾ റഫറൻസ്സഹിതം ഉത്തര സൂചിക കൊണ്ടു വരേണ്ടതും ന്യായമായ സംശയങ്ങൾക്കു നിവാരണം വരുത്തേണ്ടതുമാണ്. ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ മലയാള ത്തിൽ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ബൈബിളിൽ നിന്നും ഇംഗ്ലീഷിൽ NKJV അല്ലെങ്കിൽ NIV എന്നിവയിൽ ഏതെങ്കിലും ഒരു ബൈബിൾ നിന്നും മാത്രമായിരിക്കും ചോദ്യങ്ങളുണ്ടാവുക.

**ഗ്രൂപ്പ് ബൈബിൾ ക്വിസ്സ് (15 മിനിറ്റ്)**: 2–3 അംഗങ്ങളെ ഉൾപ്പെടുത്തി ലോക്കൽ സഭാ അടിസ്ഥാനത്തിലുള്ള ഒരു ഗ്രൂപ്പിനു പങ്കെടുക്കാം. ബൈബിളിലെ 66 പുസ്തകങ്ങളിൽ നിന്നും നേരിട്ടുള്ള ചോദ്യങ്ങൾ പരമാവധി 15 എണ്ണം നൽകുന്നതാ യിരിക്കും. ഗ്രൂപ്പ് ബൈബിൾ ക്വിസ്സിന് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ബൈബിളിൽ നിന്ന് മലയാളത്തിൽ മാത്രമായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക. പങ്കെടുക്കുന്നവർക്കു C.E.M മെമ്പർഷിപ്പും (10–45 വയസ്സു വരെ) ലോക്കൽ സഭയ്ക്കു രജിസ്ട്രേഷനും നിർബന്ധമാണ്. ടീമിലെ മത്സരാർത്ഥികൾ എല്ലാവരും ഒരേ ലോക്കൽ സഭയിൽ നിന്നും ഉള്ളവരായിരിക്കണം.

# സ്റ്റേജ് പ്രോഗ്രാമുകളുടെ നിയമങ്ങൾ

**ഗാനം (സോളോ) (2 മിനിറ്റ്)**: പുരുഷ ശബ്ദത്തിനും, സ്ത്രീ ശബ്ദത്തിനും മത്സരം പ്രത്യേകമായിരിക്കും. മലയാളം/ ഇംഗ്ലീഷ് എന്നീ വിഭാഗത്തിൽ മത്സരങ്ങൾ നടത്തപ്പെടുന്നതാണ്. എന്നാൽ ഒരാൾക്കു ഇവയിൽ ഒന്നിൽ മാത്രം പങ്കെടുക്കാം യാതൊരു കാരണവശാലും ഒരാൾ രണ്ടു വിഭാഗത്തിലും പങ്കെടുക്കരുത്. നോക്കി പാടുവാൻ പാടില്ല. ക്ലാസ്സിക്കൽ/സെമി ക്ലാസ്സിക്കൽ സംഗീതം അനുവദനീയമല്ല. മൈക്ക് അനുവദിക്കുന്നതാണ്. പാട്ടിനായി തന്നിരിക്കുന്ന സമയത്തിന്റെ പകുതിയെങ്കിലും ഉപയോഗിച്ചില്ലെങ്കിലോ സമയ പരിധി കഴിഞ്ഞാലോ മൈനസ് മാർക്കു നൽകുന്നതാണ്. ഈണം (ശ്രുതി), താളം, ലയം, അർത്ഥം, അവതരണ ശൈലി, തെരഞ്ഞെടുത്ത ഗാനത്തിന്റെ മേന്മ എന്നിവ പരിഗണിക്കപ്പെടും.

**വാക്യം പറച്ചിൽ (15 മിനിറ്റ്)**: 3 വാക്കിൽ കുറവുള്ള വാക്യങ്ങൾ സ്വീകാര്യമല്ല. ഒരു വാക്യം പല റഫറൻസുകളിലുള്ളത് ഒരു പ്രാവശ്യം മാത്രമേ പറയാവൂ. എല്ലാ വാക്യങ്ങളും റഫറൻസ് സഹിതം പറയേണ്ടതാണ്. വാക്യം പറയുമ്പോൾ ഫുൾ സ്റ്റോപ്പ്, ചോദ്യ ചിഹ്നം, അർധവിരാമം എന്നിവയിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ വാക്യങ്ങൾ പറയാവുന്നതാണ്. ഒരു അദ്ധ്യായത്തിൽ നിന്നും എത്ര വാക്യം വേണമെങ്കിലും പറയാവുന്നതാണ്, എന്നാൽ തുടർച്ചയായി ഒരു അദ്ധ്യായത്തിൽ നിന്നും 3 വാക്യത്തിൽ കൂടുതൽ പറയുവാൻ പാടില്ല. ചെറിയ തെറ്റുകൾ പോലും തെറ്റായി പരിഗണിക്കുന്നതാണ്. മലയാളത്തിൽ വാക്യം പറയുന്നവർ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ബൈബിളും ഇംഗ്ലീഷിൽ വാക്യം പറയുന്നവർ NKJV അല്ലെങ്കിൽ NIV ബൈബിളും ഉപയോഗിക്കേണ്ടതാണ്. അല്ലാത്തവ പരിഗണിക്കുന്നതല്ല. കിഡ്സ് ഗ്രൂപ്പിന് റഫറൻസ് ബാധകമല്ല. കിഡ്സ് & സബ്ജൂനിയേഴ്സ് വാക്യം പറയുമ്പോൾ തങ്ങൾ പഠിച്ച പേപ്പറുകളോ ബുക്കുകളോ ജഡ്ജസിന് നൽകുകയും അവയുടെ അടിസ്ഥാനത്തിൽ വാക്യം പറച്ചിൽ നടത്തുവാൻ പാടുള്ളതല്ല. ബൈബിൾ നോക്കിത്തന്നെ ജഡ്ജസ് വാക്യങ്ങൾ ശരിയാണെന്നു ഉറപ്പ് വരുത്തണം.

**കഥ പറച്ചിൽ (5 മിനിറ്റ്)**: കഥ പറച്ചിലിനു ബൈബിളിനെ ആസ്പദമാക്കിയായിരിക്കണം കഥ തിരഞ്ഞെടുക്കേണ്ടത്. മൈക്ക് അനുവദിക്കുന്നതാണ് അവതരണത്തിനാണ് പ്രാധാന്യം, അംഗവിക്ഷേപം (Gesture) അനുവദനീയമാണ്. ധാർമ്മീക, ആത്മീക പാഠങ്ങൾ ഉൾകൊള്ളുന്ന കഥകളാണ് അഭികാമ്യം

**ആക്ഷൻസോങ്ങ് (3 മിനിറ്റ്)**: കിഡ്സിനുള്ള ആക്ഷൻ സോങിന് ആക്ഷൻ കാണിക്കുകയും പാടുകയും വേണം. റെക്കോർഡ് ചെയ്ത പാട്ടുകൾ അനുവദിക്കുന്നതല്ല. മൈക്ക് അനുവദിക്കുന്നതാണ്.

**പ്രസംഗം (5 മിനിറ്റ്)**: 1,2 തിമൊഥെയോസ് ലേഖനങ്ങളെ ആസ്പദമാക്കി മുകളിൽ നൽകിയിട്ടുള്ള വിഷയങ്ങളിൽ നിന്നും ജഡ്ജസ് നറുക്കിട്ടെടുക്കുന്ന ഒരു വിഷയമാണ് പ്രസംഗിക്കേണ്ടത്. കുറിവാക്യം 1,2 തിമൊഥെയോസ് ലേഖനങ്ങളിൽ നിന്നു തന്നെ എടുക്കേണ്ടതാണ്. 5 മിനിറ്റ് മുമ്പു വിഷയം നൽകുന്നതായിരിക്കും. പ്രസംഗ സമയത്തു ബൈബിളല്ലാതെ കുറിപ്പുകൾ, നോട്ടുകൾ, പുസ്തകങ്ങൾ, മൊബൈൽ ഫോൺ എന്നിവ ഉപയോഗിക്കാൻ പാടില്ല. അവതരണശൈലി, ശരീരഭാഷ (Body Language) സ്വരസംക്രമം (Voice Modulation), മുഖവുര, വിഷയാവതരണം, ബൈബിളിൽ നിന്നുള്ള ഉദാഹരണങ്ങൾ എന്നിവ പരിഗണിക്കുന്നതാണ്. മലയാളത്തിലോ ഇംഗ്ലീഷിലോ പ്രസംഗിക്കാം. പ്രസംഗ സമയത്തു താലന്തു പരിശോധനാ കമ്മിറ്റി തരുന്ന ബൈബിൾ ഉപയോഗിക്കേണ്ടതാണ്. ബൈബിൾ സ്കൂളിൽ പഠിച്ചവർക്കും പഠിക്കുന്നവർക്കും വിധികർത്താക്കളിൽ നിന്നും പ്രസംഗ വിഷയം ക്രമീകരിച്ചു നൽകേണ്ടതാണ്. മൈക്ക് നൽകുന്നതല്ല.

**ഉപകരണ സംഗീതം (2 മിനിറ്റ്)**: ഒരാൾക്ക് ഉപകരണസംഗീതം രണ്ടിലും (ഗിറ്റാർ, കീബോർഡ്) മത്സരിക്കാവുന്നതാണ്. തന്നിരിക്കുന്ന പാട്ടുകളിൽ നിന്നും ഒരെണ്ണം നറുക്കിട്ടു നൽകുന്നതായിരിക്കും. റിഥം ഉപയോഗിക്കാൻ പാടില്ല. പെഡൽ സ്റ്റാൻഡ് ഉപയോഗിക്കാം. കേന്ദ്ര താലന്തു പരിശോധന ദിവസം കീബോർഡ് താലന്ത് പരിശോധനാ കമ്മിറ്റി ക്രമീകരിക്കുന്നതാണ്. ഈ കീബോർഡ് മാത്രമേ ഉപയോഗിക്കാൻ അനുവദിക്കൂ. എന്നാൽ സെക്ഷൻ റീജിയൻ തലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട തീരുമാനം അതാത് കമ്മിറ്റികൾക്കു കൈക്കൊള്ളാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ പ്രാദേശിക സഭകൾക്ക് നൽകേണ്ടുന്നതാണ്. നൽകപ്പെട്ടിരിക്കുന്ന പാട്ടിന്റെ വ്യക്തവും പൂർണ്ണവുമായ അവതരണമാണു മാർക്കിനു പരിഗണിക്കുന്നത്. നൽകപ്പെട്ടിരിക്കുന്ന പാട്ട് അല്ലാതെ മറ്റേതെങ്കിലും പാട്ട് വായിക്കുന്നതും, ഉപകരണത്തിനു മുന്നിൽ വെറുതെ വന്നു നിന്നിട്ടു പോകുന്നതും അയോഗ്യതയായി കണക്കാക്കി മൈനസ് മാർക്ക് നൽകുന്നതാണണ്.

**ഗ്രൂപ്പ് സോങ് വോക്കൽസ് (5 മിനിറ്റ്)**: 3-5 വരെ അംഗങ്ങളെ ഉൾപ്പെടുത്തി ലോക്കൽ സഭ അടിസ്ഥാനത്തിലുള്ളഒരു ഗ്രൂപ്പിനു പങ്കെടുക്കാം. ടീമിലെ മത്സാർത്ഥികൾ എല്ലാവരും ഒരേ ലോക്കൽ സഭയിൽ നിന്നുള്ളവർ ആയിരിക്കണം. എല്ലാവരും 45 വയസ്സിൽ താഴെയുള്ളവർ ആയിരിക്കണം. മലയാളം അല്ലാതെ മറ്റുഭാഷകൾ അനുവദനീയമല്ല. പാട്ടിന്റെ ആരംഭത്തിലും മറ്റും ഹമ്മിംഗുകൾ പാടുന്നത് പലഭാഷകളിൽ വരുന്നതിനു തടസ്സമില്ല. (ഉദാ: അസതോമാ സദ്ഗമയ,

ഹല്ലേലുയ്യാ) എന്നാൽ പാട്ട് പൂർണ്ണമായും മലയാളം ആയിരിക്കണം. നോക്കി പാടുവാൻ പാടില്ല. ക്ലാസിക്കൽ/ സെമി ക്ലാസിക്കൽ സംഗീതം അനുവദനീയമല്ല. പാട്ടിനായി തന്നിരിക്കുന്ന സമയത്തിന്റെ പകുതിയെങ്കിലും ഉപയോഗിച്ചില്ലെങ്കിലോ സമയപരിധി കഴിഞ്ഞാലോ മൈനസ് മാർക്കു നൽകുന്നതാണ്. സെക്ഷൻ തലം മുതൽ മൈക്ക് അനുവദിക്കുന്നതല്ല. ഡ്രസ്സ് കോഡിനു മാർക്ക് ഉണ്ടായിരിക്കുന്നതല്ല. ശ്രുതി, താളം, ലയം ഇവയോടൊപ്പം പാട്ടിന്റെ അർത്ഥം, പാടുന്ന ആളിന്റെ സ്വരയോജിതയും പ്രാധാന്യം അർഹിക്കുന്നു. സമൂഹ ഗാനത്തിന്റെ വിവിധ സാങ്കേതിക സംവിധാനങ്ങൾ (eg. പാർട്ട്സ്, സെക്കൻഡ്സ്, ട്രാൻസ്പോസ്, മോഡുലേഷൻ) ഉപയോഗിച്ച് പാടുന്നത് പ്രത്യേക മാർക്കിനു പരിഗണിക്കുന്നതല്ല. ആലാപന മികവും സ്വരസംയോജന (Harmony)വുമാണ് പരിഗണിക്കുന്നത്.

**ഗ്രൂപ്പ് സോങ് (ഓർക്കസ്ട്ര)**: (സംഗീത ഉപകരണങ്ങൾ സെറ്റ് ചെയ്യുന്നതുൾപ്പെടെ 12 മിനിറ്റ്) ഒരു ഗ്രൂപ്പിൽ 10 അംഗങ്ങളിൽ കൂടുതൽ ഉണ്ടാകുവാൻ പാടില്ല. കുറഞ്ഞത് 5 പേർ ഉണ്ടായിരിക്കണം. അവരിൽ 4 പേരെങ്കിലും ഗാനം ആലപിക്കണം. ഏറ്റവും കുറഞ്ഞത് 3 സംഗീത ഉപകരണങ്ങളും പരമാവധി 5 ഉപകരണങ്ങൾ വരെയും ഉപയോഗിക്കാം. ഒരു വ്യക്തി ഒരേ സമയം രണ്ട് ഉപകരണങ്ങൾ ഉപയോഗിക്കുവാൻ അനുവാദമില്ല. വിൻഡ്, സ്ട്രിംഗ്, ലയാ, വെസ്റ്റേൺ ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കാവുന്നതാണ്. ഉപകരണങ്ങൾ വായിക്കുന്നവർക്കു പാടുകയും ചെയ്യാവുന്നതാണ്. ആൺ/പെൺ അംഗത്വ ക്ലിപ്തതകൾ ഇല്ല. ഒരു ഉപകരണം ഒന്നിൽ കൂടുതൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല. 5 മൈക്കുകൾ വരെ ഉപയോഗിക്കാം (ആലാപനം). ഇലക്ട്രോണിക് ഉപകരണങ്ങളിലെ പ്രീസെറ്റ്/യൂസർ, റിഥമോ അക്കമ്പനിമെന്റുകളോ ഉപയോഗിക്കാൻ പാടില്ല പകരം റിഥം ലൈവായി ചെയ്യേണ്ടതാണ്. കേന്ദ്ര താലന്തു പരിശോധനാ ദിവസം പരമാവധി പത്തു ചാനലുകളിൽ (സൗണ്ട് മിക്സർ) പ്രവർത്തിപ്പിക്കാവുന്ന സൗണ്ട് സിസ്റ്റം കേന്ദ്ര താലന്തു പരിശോധനാ കമ്മിറ്റി ക്രമീകരിക്കുന്നതായിരിക്കും. അതിൽ പാടുവാൻ 5 മൈക്കും ഉപകരണങ്ങൾക്കു ബാക്കി ചാനലുകളും ഉപയോഗിക്കാവുന്നതാണ്. എന്നിരുന്നാൽ തന്നെയും അത്യാവശ്യം വേണ്ടുന്ന കേബിളുകൾ, എക്സ്റ്റൻഷൻ ബോക്സ് അഡാപ്റ്റേഴ്സ് മൾട്ടി സോക്കറ്റുകൾ, പിന്നുകൾ/കണക്ടർ എന്നിവ അവരവർ തന്നെ കരുതേണ്ടതുമാണ്. കേന്ദ്ര താലന്തു പരിശോധനാ ദിവസം ജനറേറ്റർ സൗകര്യം ഒരുക്കുന്നതായിരിക്കും. താലന്ത് പരിശോധനാ ദിനം സൗണ്ട് സിസ്റ്റം പ്രവർത്തിക്കുന്നതിനായി താലന്ത് പരിശോധനാ കമ്മിറ്റി നിയമിച്ചിരിക്കുന്ന വ്യക്തിയല്ലാതെ, സഭാപ്രതിനിധികളോ, പങ്കെടുക്കുന്ന ഗ്രൂപ്പ്/വ്യക്തിയോ, പൊതുസദസ്സിനോ മിക്സറിൽ മാറ്റങ്ങൾ വരുത്തുന്നതിനോ, നിയോഗിക്കപ്പെട്ടിരിക്കുന്ന വ്യക്തിയെ നിയന്ത്രിക്കുന്നതിനോ അനുവാദമുണ്ടായിരിക്കുന്നതല്ല. അപ്രകാരമുള്ള ഇടപെടലുകൾ നെഗറ്റീവ് മാർക്കിന് കാരണമാകും.

1. ഒരേ പാട്ട് തന്നെ ഗ്രൂപ്പ് സോങ്ങ് വോക്കൽസിനും, ഓർക്കസ്ട്രെയ്ക്കും പാടുവാൻ പാടുള്ളതല്ല.
2. നോക്കി പാടുവാൻ അനുവാദമില്ല. മലയാളം അല്ലാതെ മറ്റ് ഭാഷകൾ അനുവദനീയമല്ല. പാട്ടിന്റെ ആരംഭത്തിലും മറ്റും ഹമ്മിഗുകൾ പാടുന്നത് പലഭാഷകളിൽ വരുന്നതിനു തടസ്സമില്ല. (ഉദാ: അസതോമാ സദ്ഗമയ, ഹല്ലേലുയ്യാ) എന്നാൽ പാട്ട് പൂർണ്ണമായും മലയാളം ആയിരിക്കണം. ഡ്രസ്സ് കോഡിനു മാർക്കു ഉണ്ടായിരിക്കുന്നതല്ല.
3. ഉപകരണങ്ങളുടെ ശരിയായ ഉപയോഗവും, ഗാനത്തിന്റെയും, അവതരണത്തിന്റെയും മേന്മയും ഒരുപോലെ പരിഗണിച്ചായിരിക്കും മൂല്യനിർണ്ണയം.
4. ഇതൊരു മത്സരയിനമായതിനാൽ ആരാധനയുമായി ബന്ധപ്പെട്ട ശൈലികൾക്കു പരിഗണന ലഭിക്കുന്നതല്ല.
5. ഒന്നിലധികം പാട്ടുകൾ പാടുവാൻ അനുവാദമുണ്ട്, എന്നാൽ ഇടയ്ക്കു നിർത്തി തുടങ്ങുവാൻ പാടുള്ളതല്ല.
6. സെക്ഷൻ റീജിയൻ തലങ്ങളിൽ സൗണ്ട് സിസ്റ്റവുമായി ബന്ധപ്പെട്ട് അതാത് കമ്മിറ്റികൾക്കു തീരുമാനം കൈക്കൊള്ളാവുന്നതാണ്.
7. ആലാപനം, ഓർക്കസ്ട്രാ എന്നിവയുടെ ശരിയായ ശബ്ദം ക്രമീകരണത്തിന്റെ മികവും (Sound Balancing) പഞ്ചാത്തല സംഗീതത്തിലെ ഇൻട്രോ, ബിജിഎം (BGM) കോർഡ്സ്, അതാത് ഉപകരണങ്ങൾ ശരിയായി ഉപയോഗിക്കുന്നതിലെ പ്രാഗത്ഭ്യം എന്നിവ ഒരുപോലെ മാർക്കിനു പരിഗണിക്കും.
8. ഉപകരണങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനായി ഏതെങ്കിലുമൊന്നു വെറുതെ പിടിച്ചു നിൽക്കുന്നത് മൈനസ് മാർക്കായി കണക്കാക്കും. കൂടാതെ ഗ്രൂപ്പിന്റെ ആകെ പ്രകടനത്തെയും മാർക്കിനെയും അതു സാരമായി ബാധിക്കും. വിധികർത്താക്കൾ ആവശ്യപ്പെടുന്ന പക്ഷം പ്രസ്തുത ഉപകരണം ഉപയോഗിക്കുന്ന വ്യക്തി ആ ഉപകരണം വായിച്ചു കേൾപ്പിക്കാൻ തയ്യാറായിരിക്കണം.
9. ടീമിലെ മത്സരാർത്ഥികൾ എല്ലാവരും ഒരേ ലോക്കൽ സഭയിൽ നിന്നും ഉള്ളവരായിരിക്കണം.
10. എല്ലാ മത്സരാർത്ഥികളും 45 വയസോ/അതിനു താഴെ ഉള്ളവരോ ആയിരിക്കണം.

## പൊതുവായ നിർദ്ദേശങ്ങൾ

1. കേന്ദ്ര താലന്തു പരിശോധന ദിവസം രാവിലെ 8 മണിക്കു മുമ്പായി റീജിയൻ പ്രസിഡന്റ്/സെക്രട്ടറി ചെസ്റ്റ് നമ്പർ കൈപ്പറ്റേണ്ടതാണ്.
2. കേന്ദ്ര താലന്തു പരിശോധനയിൽ മലയാളം / ഇംഗ്ലീഷ് ഭാഷകൾ മാത്രമേ അനുവദിക്കുകയുള്ളൂ. ഗാനമത്സരം, പ്രസംഗമത്സരം എന്നിവ തമിഴ്/ഹിന്ദി ആരാധന നടക്കുന്ന സഭകൾക്കായി റീജിയൻ തലം വരെ വേണമെങ്കിൽ ക്രമീകരിക്കാവുന്നതാണ്. എന്നാൽ സെക്ഷൻ തലങ്ങളിൽ കുറഞ്ഞതു രണ്ടു സ്ഥലങ്ങളിൽ എങ്കിലും ഈ ഭാഷകളിലെ ആരാധന നടത്തപ്പെടേണ്ടുന്നതാണ്. നടത്തണമോ വേണ്ടയോ എന്നതിനെ സംബന്ധിച്ചു സെക്ഷൻ റീജിയൻ കമ്മിറ്റികൾക്ക് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.
3. ഏതെങ്കിലും മത്സരയിനം, അവസാനിച്ചശേഷം ആ മത്സരയിനത്തിൽ പങ്കെടുക്കാൻ പേരുനൽകിയിരിക്കുന്ന വ്യക്തിയേയോ, ഗ്രൂപ്പിനെയോ ഒരു കാരണവശാലും ആ മത്സരത്തിൽ വീണ്ടും മത്സരിപ്പിക്കുന്നതല്ല. താമസിച്ചു മത്സരത്തിനെത്തുന്നവർക്കു സമയം നീട്ടി നൽകുന്നതല്ല. സമയ ക്ലിപ്തത പാലിക്കാൻ എല്ലാ മത്സരാർത്ഥികളും ബാധ്യസ്ഥരാണ്.
4. പ്രസംഗം ഒഴികെ മറ്റ് മത്സരങ്ങൾക്ക് കൂൾ ഓഫ് ടൈം ഉണ്ടായിരിക്കുന്നതല്ല.
5. മത്സരാത്ഥികൾ മാന്യമായ വസ്ത്രം ധരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
6. തന്നിരിക്കുന്ന സമയത്തിന്റെ പകുതിയെങ്കിലും ഉപയോഗിച്ചില്ലെങ്കിലോ സമയപരിധി കഴിഞ്ഞാലോ മൈനസ് മാർക്ക് നൽകുന്നതാണ്. സമയപരിധിക്കകത്തു മത്സരം പൂർത്തിയാക്കേണ്ടതാണ് അര മിനിറ്റു മുമ്പേ മുന്നറിയിപ്പു പ്രസംഗത്തിന് മാത്രം - (Warning Bell) നൽകുന്നതാണ്.
7. കേന്ദ്രതലത്തിൽ എല്ലാ ഗ്രൂപ്പിനും ഒരു ഗ്രൂപ്പ് ചാമ്പ്യനെ തെരഞ്ഞെടുത്തു പ്രത്യേക ട്രോഫി നൽകുന്നതാണ്. സെക്ഷൻ/സെന്റർ, റീജിയൻ തലങ്ങളിൽ ഇതു പ്രാവർത്തികമാക്കാൻ താൽപ്പര്യപ്പെടുമ്പോഴും അതാത് കമ്മിറ്റികൾക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. പോയിന്റ് അടിസ്ഥാനത്തിലാണ് ചാമ്പ്യനെ തെരഞ്ഞെടുക്കുന്നത്. സെക്ഷൻ, റീജിയൻ വിജയികളുടെ ലിസ്റ്റ് അതിനായി തയ്യാറാക്കിയിരിക്കുന്ന പ്രത്യേക ഫോമിൽത്തന്നെ നൽകേണ്ടതാണ്. അല്ലാത്തവ സ്വീകാര്യമല്ല. റിസൽട്ട് വലിയ അക്ഷരത്തിൽ വ്യക്തമായി എഴുതുകയോ പ്രിന്റ് ചെയ്യുകയോ ആവാം.

## മത്സരങ്ങൾക്കുള്ള പോയിന്റ് നിലവാരം

### സെക്ഷൻ – റീജിയൻ

| സിംഗിൾ | | ഗ്രൂപ്പ് | |
|---|---|---|---|
| ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
| 5 | 3 | 7 | 5 |

### കേന്ദ്ര താലന്ത് പരിശോധന

| സിംഗിൾ | | | ഗ്രൂപ്പ് | | |
|---|---|---|---|---|---|
| ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം |
| 5 | 3 | 1 | 7 | 5 | 3 |

ഈ പോയിന്റ് ക്രമം സഭാതലം മുതൽ സെക്ഷൻ, റീജിയൻ കേന്ദ്ര തലങ്ങളിലും ബാധകമായിരിക്കും. ഓരോ മത്സരയിനത്തിനും സെക്ഷൻതലം മുതൽ ഒരു ഫസ്റ്റും ഒരു സെക്കന്റും മാത്രമേ നൽകാവു. കേന്ദ്രതാലന്തു പരിശോധനയിൽ മൂന്നാം സ്ഥാനം കൂടി നൽകുന്നതാണ്. സെക്ഷൻ, സെന്റർ, റീജിയൻ, കേന്ദ്രതല താലന്തു പരിശോധനാ വേളയിൽ ഏതെങ്കിലും ഒരു മത്സരയിനത്തിൽ പങ്കെടുക്കാൻ ഒരാളെ ഉള്ളുവെങ്കിലും ആ പ്രോഗ്രാം നടത്താവുന്നതാണ് ആ വ്യക്തി ഏതിലാണോ മത്സരിക്കുന്നത്. അതിനു വിധികർത്താക്കൾ നൽകുന്ന മാർക്ക് അനുസരിച്ച് സ്ഥാനം നൽകേണ്ടതാണ്. ലഭിക്കപ്പെടുന്ന മാർക്ക് 60 ശതമാനത്തിനു മുകളിലാണെങ്കിൽ ഒന്നാം സ്ഥാനവും താഴെയാണെങ്കിൽ രണ്ടാം സ്ഥാനവും നൽകാവുന്നതാണ്. അപ്പോൾ തന്നെ വ്യക്തിക്ക് അടുത്ത തലത്തിലും പങ്കെടുക്കാവുന്നതാണ്. അപ്രകാരം വിധി കർത്താക്കൾ നൽകുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ അല്ലാതെ സ്ഥാനം നൽകപ്പെടുന്നെങ്കിൽ ആ വ്യക്തിയുടെ പോയിന്റ് മൂന്നാം സ്ഥാനത്തിനു നൽകുന്ന ഒരു പോയിന്റ് ആയിരിക്കണം.

8. ഒരു സഭയിൽ നിന്നും ഒരു പ്രോഗ്രാമിൽ മൂന്ന് പേരിൽ കൂടുതൽ പേർ പങ്കെടുക്കുവാൻ പാടുള്ളതല്ല. (അതാത് സെക്ഷന് ഇതിൽ ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്. (കൂടുതൽ പേർ ഒരു ഗ്രൂപ്പിന് ഒരു സഭയിൽ നിന്ന് പങ്കെടുക്കണമോ വേണ്ടയോ) എന്നത്.)

9. താലന്തു പരിശോധനയിൽ പങ്കെടുക്കുന്നവർക്കു മെമ്പർഷിപ്പും (10-45 വയസ്സു വരെ) ലോക്കൽ സഭയ്ക്കു രജിസ്ട്രേഷനും നിർബന്ധമാണ്. മെമ്പർഷിപ്പ് നമ്പറും ലോക്കൽ സഭയുടെ സ്ഥലപേരും സെക്ഷനും എഴുതാത്ത റീജിയൻ ലിസ്റ്റ് സ്വീകരിക്കുന്നതല്ല. പുതുതായി മെമ്പർഷിപ്പ് ആവശ്യമുള്ളവർ മെമ്പർഷിപ്പ് സെക്രട്ടറിയുമായി ബന്ധപ്പെടേണ്ടതാണ്. ഒരു വ്യക്തിക്ക് ഒരു മെമ്പർഷിപ്പ് മാത്രവും, താലന്തു പരിശോധനയിൽ അവരവരുടെ പ്രാദേശിക സഭയെ പ്രതിനിധീകരിക്കാൻ മാത്രവുമേ അനുവാദമുള്ളൂ.

10. സെക്ഷൻ, സെന്റർ, റീജിയൻ തലങ്ങളിൽ താലന്തു പരിശോധന കൈകാര്യം ചെയ്യുന്നവർ ഒരു മത്സരത്തിലും പങ്കെടുക്കുവാൻ പാടില്ല.

11. സെക്ഷൻ, റീജിയൻ വിജയികളുടെ ലിസ്റ്റ് അതിനായി തയ്യാറാക്കിയിരിക്കുന്ന പ്രത്യേക ഫോമിൽത്തന്നെ നൽകേണ്ടതാണ്. അല്ലാത്തവ സ്വീകാര്യമല്ല. റിസൽട്ട് വലിയ അക്ഷരത്തിൽ വ്യക്തമായി എഴുതുകയോ പ്രിന്റ് ചെയ്യുകയോ ആവാം. (ഫോമുകൾ ഇംഗ്ലീഷിൽ മാത്രം അയക്കുക, പ്രാദേശിക തലം മുതൽ പേരുകൾ കൃത്യമായി പൂരിപ്പിച്ചു നൽകേണ്ടതാണ്. കുറഞ്ഞത് 3 തലങ്ങളിൽ ചെക്ക് ചെയ്തശേഷം (പ്രാദേശിക സഭ, സെക്ഷൻ/സെന്റർ, റീജിയൻ) സ്റ്റേറ്റിൽ ലഭിക്കുന്ന പേരുകളിൽ വീണ്ടും അക്ഷരതെറ്റുകൾ ഉണ്ടായാൽ അവമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് കമ്മിറ്റിക്ക് യാതൊരുവിധ ഉത്തരവാദിത്തങ്ങളും ഉണ്ടാകുന്നതല്ല.)

12. കേന്ദ്രതാലന്തു പരിശോധനാ ദിവസം ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. (ഫീസ് 100 രൂപ)

13. കേന്ദ്ര താലന്തു പരിശോധനയുടെ സമ്മാനദാനം 2026 ഡിസംബറിലെ ജനറൽ കൺവെൻഷനോടനുബന്ധിച്ചുള്ള സി.ഇ.എം, സൺഡേസ്കൂൾ വാർഷിക മീറ്റിംഗിൽ നൽകുന്നതായിരിക്കും.

14. കിഡ്സ്, സീനിയർ സി.ഇ.എം, ബൈബിൾ സ്കൂളിൽ പഠിച്ചവർക്കും പഠിക്കുന്നവർക്കും (പാർടൈം/ഫുൾടൈം) ഉള്ള പ്രോഗ്രാം റീജിയൻ തലം വരെ നടത്താവുന്നതാണ്. അതാത് റീജിയൻ കമ്മിറ്റികൾക്ക് ഇതിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. എന്നാൽ കേന്ദ്രതലത്തിൽ ഈ പ്രോഗ്രാമുകൾ ഉണ്ടായിരിക്കുന്നതല്ല.

15. സെക്ഷൻ, റീജിയൻ തലങ്ങളിൽ വിധികർത്താക്കളെ ക്ഷണിക്കുമ്പോൾ (സി.ഇ.എം ജനറൽ കമ്മിറ്റിയിലുള്ള പ്രിയപ്പെട്ടവരെക്കൂടെ ഉൾക്കൊള്ളിക്കുന്നത് നന്നായിരിക്കും) അവരെ മാന്യമായി കരുതാനും അവർക്കു യോഗ്യമായ പ്രതിഫലം കൊടുക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

16. കേന്ദ്ര താലന്തു പരിശോധനാ വിജയികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (മാത്രം) അവരുടെ പേര്, ലോക്കൽ ചർച്ച്, സെക്ഷൻ, ഏത് ഇനത്തിൽ സമ്മാനം ലഭിച്ചു എന്നിവ ഉൾപ്പെടുത്തി ഫോട്ടോ അയയ്ക്കേണ്ട അവസാന തീയതി 2026 നവംബർ (1-നകം) അതാത് സി.ഇ.എം സെക്ഷൻ സെക്രട്ടറിമാർ മുഖാന്തിരം കേന്ദ്ര താലന്തു പരിശോധനാ സെക്രട്ടറിക്ക് ഇ-മെയിൽ അയയ്ക്കേണ്ടതാണ്. താമസിച്ചു ലഭിക്കുന്ന ഫോട്ടോ പരിഗണിക്കുന്നതല്ല.

17. വിധികർത്താക്കളുടെയും താലന്തുപരിശോധനാ കമ്മിറ്റിയുടെയും തീരുമാനം അന്തിമമായിരിക്കും.

റീജിയൻ തലത്തിലെ വിജയികളുടെ ലിസ്റ്റ് നൽകുന്നതിനും താലന്തു പരിശോധനാ സംബന്ധമായ സംശയങ്ങൾ തീർക്കുന്നതിനും താഴെ കാണുന്ന വിവരങ്ങൾ ഉപയോഗിക്കുക.


**ബ്രദർ ആൽവിൻ കെ മാത്യു**
താലന്തു പരിശോധനാ കമ്മറ്റി സെക്രട്ടറി

Ph :+91-9447368129 - (സെക്രട്ടറി)
Email : cemtt2026@gmail.com
C.E.M, PB No.-22 Sharon, Thiruvalla


**അംഗങ്ങൾ**

പാസ്റ്റർ എൽദോസ് കുര്യാക്കോസ്, പാസ്റ്റർ ജോൺസൺ സാം
പാസ്റ്റർ ജോർജ് വർഗീസ്, പാസ്റ്റർ ഷാലു ചെറിയാൻ, പാസ്റ്റർ ഡിഗോൾ ജോൺ

# REGION CO-ORDINATORS


Pr. Digol John
Malabar


Pr. Shintos K M
Palakkad


Pr.Jain Joshy
Thrissur


Bro. Rajesh M. S
Perumbavoor


Pr. Shalu Cheriyan
Ernakulam


Bro. Joice Jose
Idukki


Pr. Lijo Scaria
Kottayam Highrange


Bro. Toji Thomas
Mallapilly


Pr. Titus G. Samuel
Pathanamthitta Punalur


Pr. Dhaneesh V. M
Ranny


Pr. Shiju K. Varghese
Chengannur Mavelikkara


Sis. Deena Sarah Thampi
Thiruvalla


Bro. Davidson
Ayoor


Bro. Paulson T. M
Adoor


Bro. Nice V. Alex
Kottarakkara


Pr. Finny Sabu
Sooranadu


Pr. Shiju D
Thiruvananthapuram


Pr. Moses S. H
Neyyatinkara




# GILGAL CONSULTANCY

Velichikala P.O., Kollam

Branches:
Kottiyam | Kottarakkara | Kottayam.

**COURSES OFFERED**

## MBBS
## Bsc NURSING
## BDS | GNM
## PHARM.D
## and all Paramedicals









- Mamata Medical College, Khammam
- Mamata Accadomy of Medical Science, Hyderabad
- Dr. B.R. Ambedkar Medical College, Bangalore
- Apollo Hospitals | Kims Hospitals & So many Medical Colleges in Sout India

*More Information:*

**+91 9744215523, 8590027188**

Gilgal Consultancy
MEDICAL COURSE EXPERTS